LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2017 ആഗസ്റ്റ് വാല്യം 2 ലക്കം 8

## Fundamental Knowledge of True Theology - Chapter : 26

## ക്രിസ്തുശാസ്ത്രം CHRISTOLOGY

ഭാഗം 4 PART 4

-Devasia Mullakara Sir

"He is not here; for He is risen, as He said. Come, see the place where the Lord lay."

(Matthew 28:6)





# നമ്മൾ, മനുഷ്യർ, എങ്ങനെ മരിച്ചിടത്തുനിന്നുയിർക്കും?

**എഡിറ്റോറിയൽ**

ദേവസ്യാ മുല്ലക്കരസാർ

വിശുദ്ധവേദപുസ്തകമായ ബൈബിൾ പഠിപ്പിക്കുന്ന അതിഗഹനമായ ഒരു ആത്മീയ വിഷയമാണ് പുനരുത്ഥാനം. യെശ.26:19–ൽ "നിന്റെ മൃതന്മാർ ജീവിക്കും; എന്റെ ശവങ്ങൾ എഴുന്നേൽക്കും; പൊടിയിൽ കിടക്കുന്നവരേ, ഉണർന്ന് ഘോഷിക്കുവിൻ; നിന്റെ മഞ്ഞ് പ്രഭാതത്തിലെ മഞ്ഞ് പോലെ ഇരിക്കുന്നു; ഭൂമി മൃതന്മാരെ പ്രസവിക്കുമല്ലോ'' എന്നെഴുതിയിരിക്കുന്നു. മൃതന്മാർ (ശവങ്ങൾ) എഴുന്നേൽക്കുമെന്ന കാര്യവും, അവർ ഉണർന്ന് ഘോഷിക്കാനിടയാകുമെന്നും യെശയ്യാവ് പ്രവചിക്കുകയായിരുന്നു. യെഹസ്ക്കേൽ 37–ാം അദ്ധ്യായവും ഉണങ്ങിയ അസ്ഥികൾ നിറഞ്ഞ താഴ്‌വരയിൽ പുനരുത്ഥാനസൗന്ദര്യം വിരിയുന്ന രംഗം (1–28) വിശദമായി ചർച്ച ചെയ്യുന്നുണ്ടല്ലോ. ദാനിയേൽ പ്രവാചകനും 12–ന്റെ 2–ൽ "നിലത്തിലെ പൊടിയിൽ നിദ്ര കൊള്ളുന്നവരിൽ പലരും, ചിലർ നിത്യജീവനായും ചിലർ ലജ്ജക്കും നിത്യനിന്ദക്കുമായും ഉണരും'' എന്നും പ്രവചിക്കപ്പെട്ടിരിക്കുന്നു. അതായത് യഥാർത്ഥ വിശ്വാസികൾ പുനരുത്ഥാനം ചെയ്ത് സ്വർഗ്ഗത്തിലേക്കും സാദാ മനുഷ്യർ (മതജാതികളും, സാമൂഹ്യരാഷ്ട്രീയ സദാചാരബോധക്കാരായ സാംസ്ക്കാരിക വ്യക്തികളും) നിത്യനരകത്തിനായും പുനരുത്ഥാനം ചെയ്യും എന്ന് ദാനിയേൽ പ്രവാചകനും പറയുകയായിരുന്നു. ഹോശേയാ പ്രവാചകനും 13–ന്റെ 14–ൽ "ഞാൻ അവരെ പാതാളത്തിന്റെ അധീനത്തിൽ നിന്ന് വീണ്ടെടുക്കും; മരണത്തിൽ നിന്ന് ഞാനവരെ വിടുവിക്കും; മരണമെ നിന്റെ ബാധകൾ എവിടെ? പാതാളമേ, നിന്റെ സംഹാരം എവിടെ"? പഴയനിയമത്തിലെ ചില പുനരുത്ഥാനചിന്തകളാണിവിടെ പറഞ്ഞതെങ്കിൽ ഇനി പുതിയനിയമചിന്തകളിലേക്ക് കടക്കാം. യോഹന്നാൻ 11:24–ൽ മാർത്ത യേശുക്രിസ്തുവിനോട് ഇപ്രകാരം പറയുന്നു. ''ഒടുക്കത്തെ നാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കുമെന്ന് ഞാൻ അറിയുന്നു." മാർത്തയേപ്പോലെയുള്ളവർക്ക് മരിച്ചവരുടെ പുനരുത്ഥാനത്തെപ്പറ്റി ഇത്തരം കാഴ്ച്ചപ്പാടുകളുണ്ടായിരുന്നു. ഇനി ദൈവപുത്രനായ യേശു പഠിപ്പിച്ചതെഴുതാം. ''പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല. വിവാഹത്തിന് കൊടുക്കപ്പെടുന്നുമില്ല. സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ അത്രേ ആകുന്നു. മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചോ ദൈവം അരുളി ചെയ്തിരിക്കുന്നത് നിങ്ങൾ വായിച്ചിട്ടില്ലയോ"? ("എങ്കിലും എന്റെ പ്രാണനെ ദൈവം പാതാളത്തിന്റെ അധികാരത്തിൽ നിന്ന് വീണ്ടെടുത്തു. അവൻ എന്നെ കൈക്കൊള്ളും" – സങ്കീ.49:15).

ഇതും കൂടാതെ ജീവനായും ന്യായവിധിക്കായും ഉയിർത്തെഴുന്നേൽക്കുന്ന കാര്യം യോഹ.5:29–ൽ എഴുതിയിരിക്കുന്നു. "നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു."

അപ്പൊസ്തലനായ പൗലൊസ് പുനരുത്ഥാനത്തെക്കുറിച്ച് പറഞ്ഞ ഏതാനും വാക്യങ്ങൾ കുറിയ്ക്കാം. "കർത്താവായ യേശുവിനെ ഉയിർപ്പിച്ചവൻ ഞങ്ങളെയും യേശുവോടുകൂടി ഉയിർപ്പിച്ച് നിങ്ങളോടുകൂടി തിരുസന്നിധിയൽ നിർത്തുമെന്ന് ഞങ്ങളറിയുന്നു"

(ശേഷം 4–ാം പേജിൽ)

## Contents

എഡിറ്റോറിയൽ .......................................2,4,5,7
ക്രിസ്തുശാസ്ത്രം.................................3,6,8-15
ആരാധനാ കേന്ദ്രങ്ങളും
ശുശ്രൂഷകരും....................................... 16-21
ക്രിസ്തുശാസ്ത്രം ..............................22-33
സാക്ഷ്യങ്ങൾ.....................7,10,15,22,23,24,26
വാർത്തകൾ ...........................................34
പ്രോഗ്രാം കലണ്ടർ ................................ 35




**ബൈ**ബിൾ മുഴുവനും കൂടിച്ചേർന്നതാണ് ദൈവശാസ്ത്രം. ബൈബിളിന്റെ വെളിയിലുള്ള തത്വശാസ്ത്രങ്ങൾ പഠിക്കുന്ന ശാഖയൊന്നുമല്ല, ദൈവശാസ്ത്രം. അനേകം വിഷയങ്ങൾ ബൈബിളിൽ പ്രതിപാദിക്കപ്പെടുന്നുണ്ട്. ആ വിഷയങ്ങളെ ഗവേഷണ ബുദ്ധിയോടെ കണ്ടെത്തി അവയെ പ്രതിപാദിക്കുന്നവരാണ് ദൈവശാസ്ത്രപണ്ഡിതന്മാർ. ദൈവത്തോടും, ദൈവവചനമായ ബൈബിളിനോടും വളരെ ബന്ധമുള്ളവർക്കേ ഈ ആത്മീയസാഹസത്തിനൊരുങ്ങുവാൻ പറ്റകയുള്ളു. പരിശുദ്ധാത്മാഭിഷേകം ലഭിക്കാത്തവർക്കിത് എളുപ്പമല്ല. ബൈബിൾ പ്രസംഗകരും, ക്രിസ്തീയാദ്ധ്യാത്മികതയിൽ പിച്ചവെച്ച് വളരുന്നവർ മുതൽ ജനലക്ഷങ്ങളെ തിരുവചനാടിസ്ഥാനത്തിൽ ഉയർത്തുന്നവർ വരെ എല്ലാവരും ദൈവശാസ്ത്രസംബന്ധമായി ജ്ഞാനമാർജ്ജിക്കണം. അപ്പോൾ വൈകാരികവും വൈചാരികവുമായ അബദ്ധങ്ങളിൽ ചെന്നു വീഴാതിരിക്കും. ദൈവശാസ്ത്ര വിഷയങ്ങളിൽ പ്രധാനപ്പെട്ടവ കുറിയ്ക്കാം.


## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ: ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ: പാ: ജോയിച്ചൻ
പാ: അബ്രാഹം, പാ: ജോർജ്ജ്, പാ:സോജൻ
പാ: യേശുദാസ്, പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ്: ജോസഫ് ഫ്രാൻസിസ്,
ഡി.റ്റി.പി: സ്നേഹ ജോയിച്ചൻ,
സ്റ്റിൽസ്: പ്രിൻസ് ജോസ്,
ലേഔട്ട് & ഡിസൈൻ : ജസ്റ്റിൻ




1. ദൈവം: ദൈവശാസ്ത്രം (തിയോളജി)
2. മനുഷ്യൻ: മനുഷ്യശാസ്ത്രം (ആന്ത്രോപ്പോളജി)
3. പാപം: പാപശാസത്രം (ഹമാർട്ടിയോളജി)
4. രക്ഷ: രക്ഷാശാസ്ത്രം (സൊറ്റീരിയോളജി)
5. സഭ: സഭാശാസ്ത്രം (എക്സീസിയോളജി)
6. യേശുക്രിസ്തു: ക്രിസ്തുശാസ്ത്രം (ക്രിസ്റ്റോളജി)
7. പരിശുദ്ധാത്മാവ്: പരിശുദ്ധാത്മശാസ്ത്രം. (ന്യൂമാറ്റോളജി)
8. ബൈബിൾ: വേദപുസ്തകശാസ്ത്രം. (ബിബ്ലിയോളജി)
9.ക്രിസ്ത്യൻ ന്യായവാദശാസ്ത്രം
(ക്രിസ്ത്യൻ അപ്പോളജസ്റ്റിക്സ് )
10. ദൈവദൂതശാസ്ത്രം (എയ്ഞ്ചലോളജി)
11. സാത്താന്യശാസ്ത്രം (ഡീമണോളജി)
12. അന്ത്യകാലശാസ്ത്രം (എസ്ക്കറ്റോളജി)

അപ്രധാനങ്ങളായവ പലതുമുണ്ട്.

തിയോളജി എന്നു കേൾക്കുമ്പോൾ ബൈബിൾ കോളേജിൽ പോയി പഠിച്ചിറങ്ങാത്തവർക്ക് ഒരു അലർജിയായി അതിനെ തോന്നേണ്ട കാര്യമില്ല. ബൈബിൾ കോളേജിൽ പോയി പഠിച്ചിറങ്ങിയവരേക്കാൾ ഇക്കൂട്ടർ ബൈബിൾ പ്രസംഗിക്കുമെന്നിരിക്കും. ഇവർക്ക് ബൈബിൾ പണ്ഡിതന്മാരേക്കാൾ, രോഗശാന്തിവരമൊ പ്രവചനവരമൊ ഉണ്ടായെന്നും വരാം. പക്ഷേ "പഠനം" എന്ന ശൈലിയിലേക്ക് വരാത്തവർക്ക്, ബൈബിളിലെ വിഷയങ്ങളുടെ ഇനം തിരിച്ച് ബൈബിൾ പഠിക്കാത്തവർക്ക്, "ദൈവരാജ്യം" എന്ന ഏറ്റവും വലിയ വിഷയത്തെ സമൃദ്ധമായ വിധത്തിൽ ഗ്രഹിക്കുവാൻ കഴിയുകയില്ല. ബൗദ്ധികതലത്തിൽ പതിയുന്ന തിരുവചന അറിവുകളല്ല, ഹൃദയത്തിലെത്തിച്ചേരുന്ന ദൈവശബ്ദമാണിവിടെ കുറിയ്ക്കുവാനിടയാകുന്നത്.

ക്രിസ്തുശാസ്ത്രത്തിലെ സുപ്രധാനവിഷയമായ ഉയർത്തെഴുന്നേൽപ്പിന്റെ ദൈവശാസ്ത്രപഠനമാണ് ഇവിടെ കുറിയ്ക്കേണ്ടത്. ദൈവദൂതശാസ്ത്രവും സാത്താന്യ

(ശേഷം 6-ാം പേജിൽ)

# നമ്മൾ, മനുഷ്യർ, എങ്ങനെ മരിച്ചിടത്തുനിന്നുയിർക്കും?

## എഡിറ്റോറിയൽ

ദേവസ്യാ മുല്ലക്കരസാർ

(2-ാം പേജിൽ നിന്നും തുടർച്ച)

(2 കൊരി.4:14). മാത്രമല്ല റോമ.8:11-ൽ "യേശുവിനെ മരിച്ചവരിൽ നിന്നുയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്നുയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും'' എന്ന് നമ്മുടെ ഉയിർത്തെഴുന്നേൽപ്പിനെപ്പറ്റി യാതൊരു സംശയവുമില്ലാതെ രേഖപ്പെടുത്തിയിരിക്കുന്നു. "നീതിമാന്മാരുടെയും നീതികെട്ട വരുടെയും പുനരുത്ഥാനം ഉണ്ടാകും എന്ന് ഇവർ കാത്തിരിക്കു ന്നതുപോലെ ഞാനും ദൈവത്തിങ്കൽ ആശ വെച്ചിരിക്കുന്നു" (അപ്പൊ.പ്ര.24:15). എബ്രായലേഖനം 6-ാം അദ്ധ്യായം 1-ാം വാക്യം അവസാനിക്കുമ്പോൾ "മരിച്ചവരുടെ പുനരുത്ഥാനം നിത്യശിക്ഷാവിധി" മുതലായവയെക്കുറിച്ചുള്ള അടിസ്ഥാനം പിന്നെയും ഇടണ്ട എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

വെളിപാട് പുസ്തകം 20-ാം അദ്ധ്യായത്തിൽ മരിച്ചുപോയവരിൽ അവിശ്വാസികളും ദുഷ്ടന്മാരുമായവരുടെ പുനരുത്ഥാനത്തെപ്പറ്റി ഇങ്ങനെയെഴുതിയിരിക്കുന്നു. "ഞാൻ വലിയൊരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽ നിന്ന് ഭൂമിയും ആകാശവും ഓടിപ്പോയി. അവയെ പിന്നീട് കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നിൽക്കുന്നതും കണ്ടു. പുസ്തകങ്ങൾ തുറന്നു. ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകം തുറന്നു. പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തിക്കടുത്ത ന്യായവിധി ഉണ്ടായി" (11,12).

ഏലിയാ പ്രവാചകനാൽ സെരാഫത്തിലെ വിധവയുടെ മകനും (1 രാജാ 17:21,22). ഏലീശാപ്രവാചകനാൽ ശുനേംകാരത്തിയുടെ മകനും (2 രാജാ.4:32-35) ഏലീശായുടെ അസ്ഥിയെ തൊട്ട ഒരു മൃതശരീരവും (2 രാജാ.13:20,21) ഉയിർത്തെഴുന്നേറ്റ കാര്യം പഴയനിയമത്തിലുണ്ടല്ലോ?

നായീമിലെ വിധവയുടെ മകനെയും (ലൂക്കോ.7:15) യായിറോസിന്റെ മകളെയും (ലൂക്കോ.8:49-56) ലാസറിനെയും (യോഹ.11:43,44) യേശുക്രിസ്തു ഉയർപ്പിച്ച പുതിയനിയമ സത്യങ്ങൾ ആർക്കാണ് മറക്കാൻ കഴിയുക? പത്രോസ പ്പൊസ്തലൻ തബീഥായെയും (അപ്പൊ.പ്ര.9:36-41) പൗലൊസ പ്പൊസ്തലൻ യുത്തിക്കോസിനെയും (അപ്പൊ.പ്ര.20:8-10) ഉയർപ്പിക്ക യുണ്ടായി എന്നതോ പുതിയനിയമപുനരുത്ഥാന സംഭവങ്ങൾ തന്നെയല്ലേ? ഈ കാലഘട്ടത്തിലും അനേകം ആത്മീയ വ്യക്തിയിലൂടെ പലരും ഉയർത്തെഴുന്നേൽക്കുന്നു ണ്ടെന്ന് ഞാൻ തന്നെയും പലരുടെയും സാക്ഷ്യം കേട്ടിട്ടുണ്ട്.

മീഡിയാകൾ കർണ്ണാടകത്തിലും കേരളത്തിലും ഇക്കാലത്തേതുപോലെ വളരാത്ത ഒരു കാലം. ദൈവം മരിച്ചവരെ ഉയിർപ്പിച്ച കാര്യമെഴുതാം, ഒരമ്മയുടെ വിശ്വാസത്തിന്റെ ഫലമായും അടിയന്റെ വിശ്വാസ ത്തോടെയുള്ള പ്രാർത്ഥനയുടെ ഫലമായും പക്ഷേ യാതൊരു തെളിവും ഹാജരാക്കുവാനില്ലാത്തതുകൊണ്ടും ദൈവം അത്തരം സംഭവങ്ങൾ ചെയ്യുന്നത് ദൈവനാമ മഹത്വത്തിനാണെന്ന സംശയമില്ലാത്ത സത്യബോധം ഉള്ളതുകൊണ്ടും, എഴുതട്ടെ.

കർണ്ണാടകത്തിലെ ബൈന്ദൂരിലുള്ള ഒരു ദമ്പതികൾക്ക് മക്കളില്ലാതിരുന്ന ഒരു കാലം. ഞാൻ ബൈന്ദൂർ ടൗണിലെ ഒരു ചെറിയ ഓഡിറ്റോറിയത്തിൽ അവിടെയുള്ള ചില ദൈവഭക്തന്മാരുടെ ശ്രമത്തിന്റെ ഭാഗമായി സുവിശേഷ മീറ്റിംഗ് ചെയ്തപ്പോൾ പള്ളിപ്പുരോഹിതന്മാർ ടീമിലില്ലാതിരു ന്നതുകൊണ്ട് പൊതുവെ മീറ്റിംഗിലേക്ക് ആളുകൾ കുറവാണ് വന്നത്. വന്നവർക്കൊത്തിയൊത്തിരി അനുഗ്രഹങ്ങൾ ലഭിച്ച കൂട്ടത്തിൽ വന്ന, കുഞ്ഞുങ്ങളില്ലാതിരുന്ന ദമ്പതിമാർക്ക് ഏഴാം മാസം കർത്താവ് വന്ധ്യത മാറ്റി കുഞ്ഞിനെ നൽകുമെന്ന് എന്നിലൂടെ പ്രവചനം കൊടുത്തിരുന്നു.

കൃപയാൽ ഏഴാം മാസം ആ വനിത ഗർഭിണിയായി. പിന്നീട് കാലസമ്പൂർണ്ണതയിൽ ഒരു മകൻ ജനിച്ചു. അക്കാലത്ത് കാഞ്ഞങ്ങാട്ടുള്ള ഒരു ദേവാലയമീറ്റിംഗിൽ ഗർഭിണിയായ ആ സ്ത്രീ വന്ന് സാക്ഷ്യമൊക്കെ പറഞ്ഞിരുന്നു. ആ കുഞ്ഞ് എൽ.പി സ്കൂളിൽ പഠിക്കുന്ന കാലത്ത് അമ്മയ്ക്കും കുഞ്ഞിനും ഒരുപോലെ വലിയ ഏതോ രോഗം വന്ന് രണ്ടുപേരും ആശുപത്രിയിൽ അഡ്മിറ്റായി. ഞാൻ മഹാരാഷ്ട്രയിലെ ബൊറീവലിയിലെ സെന്റ് ഫ്രാൻസീസ് ചർച്ചിനോടനുബന്ധിച്ച് ഒരു ഇൻസ്റ്റിറ്റ്യൂട്ടിൽ, വൈദികർ കൂടെയില്ലാത്തതിന്റെ പ്രതികൂലത്തെയൊക്കെ



# നമ്മൾ, മനുഷ്യർ, എങ്ങനെ മരിച്ചിടത്തുനിന്നുയിർക്കും?

## എഡിറ്റോറിയൽ
ദേവസ്യാ മുല്ലക്കരസാർ

ദൈവകൃപയാൽ അതിജീവിച്ച് ധ്യാനിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ആ സ്ത്രീയുടെ ഫോൺ ഒരു വലിയ കരച്ചിലിന്റെ അകമ്പടിയോടെ വന്നു. ലാസറിനെ നാലാം ദിവസം ദൈവം ഉയിർപ്പിച്ച സംഭവം ആത്മീയമായ ഒരു വിശുദ്ധ തോന്നലായി എനിക്ക് കിട്ടിയതനുസരിച്ച് ദൈവം തന്ന ഈ കുട്ടിയെ ദൈവം മരണത്തിൽ നിന്നുയിർപ്പിച്ചുതരും എന്നു ഞാൻ ആ അമ്മയോടു പറഞ്ഞു. അമ്മയുടെ നിർബന്ധബുദ്ധി കാരണം വീട്ടുകാരും പള്ളിയുടമകളും നാലു ദിവസം മൃതശരീരം അടക്കാതെ സൂക്ഷിച്ചു. അഞ്ചാം ദിവസം പള്ളി സെമിത്തേരിയിൽ ശവപ്പെട്ടിയിൽ ആണി അടിച്ച് ശവക്കുഴിയിലേക്കിറക്കുന്ന സമയത്ത് കുഞ്ഞിന് യേശു ജീവൻ പകർന്നു. അവർ ശവപ്പെട്ടി തുറന്ന് കുഞ്ഞിനെ പുറത്തെടുത്തു. എന്റെ പേരു പറഞ്ഞ് അമ്മയും അപ്പനും ദൈവത്തെ മഹത്വപ്പെടുത്തി അലമുറയിട്ടു. എന്നെ തൽക്ഷണം വിവരമറിയിച്ചു. ഞങ്ങളും തുള്ളിച്ചാടി ദൈവത്തെ മഹത്വപ്പെടുത്തി. പക്ഷേ പള്ളിക്കാർ ആ കുഞ്ഞിനെ താമസിയാതെ ഒരു സെമിനാരിയിലേക്ക് മാറ്റുകയും വീട്ടുകാർക്ക് ഒരു വീടു വെച്ചുകൊടുത്തുകൊണ്ടും കുഞ്ഞിനെ പുരോഹിതനാക്കി തിരികെതരാമെന്നു പറഞ്ഞുകൊണ്ടും വീട്ടിൽ നിന്നും കൊണ്ടുപോവുകയാണുണ്ടായത്.

ഈ വിവരം ഞാൻ ഒന്നു രണ്ടിടത്ത് സാക്ഷ്യപ്പെടുത്തിയപ്പോൾ ആ സത്യത്തിൽ നുണയുണ്ടെന്ന് പലർക്കും വിചാരമുണ്ടായപ്പോൾ ബൈന്ദൂരുകാർക്ക് ആ സംഭവം അറിയാവുന്നവർ ആ മീറ്റിംഗിലുണ്ടായിരുന്നു, അവർ ആ സത്യം സാക്ഷ്യപ്പെടുത്തുകയുണ്ടായി. ഈ സംഭവം ഉണ്ടായിട്ട് കുറഞ്ഞത് ഇരുപത് വർഷമെങ്കിലും ആയി. ആ കുഞ്ഞ് പുരോഹിതനായി കാണാൻ കാലമായി. നിങ്ങൾക്കറിയാവുന്നതാണ് കാത്തലിക് ചർച്ച് അച്ചന്മാരെയും വളരെ ചിലപ്പോൾ കന്യാസ്ത്രീകളെയും മാത്രമേ ഉയർത്തുകയുള്ളു. അല്ലെങ്കിൽ പിന്നെ റോമിൽ നിന്ന് ഉയർത്തിയ പുണ്യവാന്മാരെയും പുണ്യവതികളെയും മാത്രം! അവർ ഒരിക്കലും ഏതെങ്കിലും വരദാനങ്ങളുള്ള അൽമായരെ അംഗീകരിക്കില്ല. എന്നെ അവർ കൂടെക്കൂടെ വിലക്കുകയോ അനേക വിധത്തിലുള്ള പീഡനങ്ങളാൽ നിറയ്ക്കുകയോ ചെയ്തിട്ടുണ്ട്. പക്ഷേ നീതിമാനും അതിവിശുദ്ധനുമായ സത്യദൈവമായ യഹോവയായ യേശുക്രിസ്തു തന്റെ ആത്മാവിനെ അയച്ച് എന്നും സംരക്ഷണം നൽകിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ സമാന്തരസഭകളും, തനതു സഭകളിലെ, പരിശുദ്ധാത്മകൃപയിൽ കൂടുതൽ വളരാത്തതിൽ അതൃപ്തിയുള്ളവരുമൊക്കെ അവരാൽ കഴിയുന്നതുപോലെ സത്യത്തെ എതിർക്കുന്നില്ലേ, എന്നു ചോദിച്ചാൽ സാത്താനല്ലേ ഈ ലോകത്തിന്റെ പ്രഭുവും ദൈവവും എന്നാണ് മറുപടി (യോഹ.12:31, 2 കൊരി.4:4). അവനൊരി ക്കലും അടങ്ങിയിരിക്കില്ല. ഈ ആത്മാഭിഷേകം മാസിക യെയൊ ആത്മാഭിഷേകം ടിവി ചാനലുകളെയൊ പലരും വേണ്ടത്ര പ്രോത്സാഹിപ്പിക്കാത്തതും, സത്യവുമായി ഈ പ്രസിദ്ധീകരണത്തിനും ചാനൽ സംഭവങ്ങൾക്കും ഉള്ള കടുത്ത പ്രതിബദ്ധതയാണ്. എല്ലാവരുടെയും എഴുത്തും പ്രസംഗവും ഇങ്ങനെയല്ലല്ലോ എന്ന ദഹനക്കുറവാണ്. പലരുടെയും പല രീതികളും ക്രിസ്തുവിനില്ല, പിതാവിനുള്ളതു മാത്രം. പലർക്കും ജനക്കൂട്ടത്തെയും സമ്പത്തിനെയും തനതു ശുശ്രൂഷയും വേണം. എനിയ്ക്കോ സത്യസുവിശേഷം മാത്രം! മറ്റൊന്നും വേണ്ട.

പുനരുത്ഥാനത്തിനും താന്താന്റെ നിരകളുണ്ട് എന്ന് ബൈബിൾ പഠിപ്പിക്കുന്നു. 1 കൊരി.15:22–23–ൽ ഇപ്രകാരം പറയുന്നു: ''ആദാമിലെല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിലെല്ലാവരും ജീവിപ്പിക്കപ്പെടും. ഓരോരുത്തരും താന്താന്റെ നിരയിലത്രേ, ആദ്യഫലം ക്രിസ്തു, പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ, പിന്നെ അവസാനം".

ക്രിസ്തു ഉയർത്തെഴുന്നേറ്റയുടനെ ചില വിശുദ്ധന്മാരുടെ കല്ലറകൾ തുറന്ന് ചിലരും ഉയർത്തായിരുന്നു" (മത്താ.27:51–53).

"ഇനി ക്രിസ്തുവിനുള്ളവർ" ഉയിർത്തെഴുന്നേൽക്കും. യേശുവിന്റെ രണ്ടാംവരവിന്റെ ആദ്യദളമായ മേഘപ്രത്യക്ഷതയിൽ (1 തെസ്സ.4:16,17). അതോടൊപ്പം ഭൂമിയിലുള്ള, വിശ്വാസത്തിലും വിശുദ്ധിയിലും വചനമനുസരിച്ചുള്ള

(ശേഷം 7–ാം പേജിൽ)

# Fundamental Knowledge of True Theology - Chapter : 26

# ക്രിസ്തുശാസ്ത്രം Christology 4

(3-ാം പേജിൽ നിന്നും തുടർച്ച)

ശാസ്ത്രവും ഒരു ചെറിയ വിഭാഗമായി കുറിയ്ക്കാവുന്നതേയുള്ളു. അന്ത്യാകാലശാസ്ത്രം കുറച്ച് കൂടുതലുണ്ട്. പ്രതിമാസം, ഇറങ്ങുന്ന ആത്മാഭിഷേകം എന്ന മാഗസിനിലൂടെയാണ് ഈ കൂറ്റൻ ദൈവശാസ്ത്രഗ്രന്ഥം കുറേശ്ശെയായി എഴുതിക്കൊണ്ടിരിക്കുന്നത്. ചർച്ച് ഓഫ് ഇറ്റേണിറ്റിയിലെ വിശ്വാസികളും അവർ പ്രതിനിധാനം ചെയ്യുന്ന സഭയിലും അയൽപക്കത്തുമുള്ളവർ ഇവയുടെ കോപ്പികൾ ആവശ്യത്തിനു വാങ്ങി മലയാളക്കര മുഴുവനുമുള്ള ബൈബിൾ സ്നേഹികൾക്ക് ദൈവശാസ്ത്രം പഠിക്കാൻ അവസരം കൊടുക്കണമെന്നതാണ് ഗ്രന്ഥകാരന് ദൈവം തന്നിരിക്കുന്ന ദൈവീകനടത്തിപ്പ്. പക്ഷേ ഈ ലക്ഷ്യം സാധിക്കാതിരിക്കുന്നതിന് സാത്താൻ ആവശ്യമായതൊക്കെ ചെയ്യുന്നുണ്ട്. എന്നിട്ടും സുമനസ്സുകൾ മാസികാരൂപത്തിൽ ഇപ്പോൾ ഇറങ്ങുന്ന ഈ പുസ്തകം വായിക്കുകയും പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയുമൊക്കെ ചെയ്യുന്നുണ്ട്. എട്ടു പത്ത് വാല്യങ്ങൾകൂടിയുണ്ടെങ്കിൽ അന്ത്യകാലശാസ്ത്രം ഹ്രസ്വമായി എഴുതുവാൻ പറ്റിയേക്കും. പക്ഷേ ദൈവം കനിഞ്ഞാലേ അത്രത്തോളമെത്താൻ കഴിയുകയുള്ളു.

**യേശുക്രിസ്തുവിന്റെ മരണം നൽകുന്ന പാഠങ്ങളും അനുഗ്രഹങ്ങളും**

1. ഇത്ര വലിയ രക്ഷ: നമ്മുടെ രക്ഷയ്ക്കായി ദൈവം നൽകിയ, വലിയ വില, യഹോവ തന്നെയായ, ദൈവപുത്രനും ആയ, യേശുക്രിസ്തുവിന്റെ കാൽവരിമരണം തന്നെയായിരുന്നു. ആ മരണത്തിന്റെ സഹനത്താലും യോഗ്യതയാലും ആണ് നമുക്ക് രക്ഷ കൈവന്നത്. "ദൂതന്മാർ മുഖാന്തരം അരുളിച്ചെയ്ത വചനം സ്ഥിരമായിരിക്കുകയും ഓരോ ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ പ്രതിഫലം കൊടുക്കുകയും ചെയ്തു എങ്കിൽ കർത്താവ് താൻ പറഞ്ഞുതുടങ്ങിയതും ദൈവം അത്ഭുതങ്ങളാലും അടയാളങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്കുറപ്പിച്ചുതന്നതുമായ **ഇത്ര വലിയ രക്ഷ** നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റിയൊഴിയും"?(എബ്രാ.2:2,3,4).

നമുക്കു കൈവന്ന ഒരിയ്ക്കലും നഷ്ടപ്പെടുവാൻ ഒരു സാധ്യതയുമില്ലാത്ത ''രക്ഷ'' ആ കാൽവരിമരണം മുഖാന്തരമായിരുന്നു.

2. "അവനിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ട് തന്നോട് നിരപ്പിപ്പാനും പിതാവിന് പ്രസാദം തോന്നി. മുമ്പേ ദുഷ്പ്രവൃത്തികളാൽ മനസ്സുകൊണ്ട് അകന്നവരും ശത്രുക്കളുമായിരുന്ന നിങ്ങളെ, അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്ക്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിന് അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു" (കൊലോ.1:20,23).

അതായത്, തന്റെ മരണത്താൽ ദൂതന്മാരുടെ ജീവനെ (ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ എന്നു പറഞ്ഞുവല്ലോ) പ്പോലും തന്നോട് നിരപ്പിപ്പാൻ പ്രസാദം തോന്നിയത്, ക്രിസ്തുവിന്റെ ക്രൂശുമരണത്താൽ ആയിരുന്നു.

3. "ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു" (ഗലാ.2:20). പൗലൊസപ്പൊസ്തലനെ മാത്രമല്ല, 'ഞാൻ' എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത്: നമ്മെ ഓരോരുത്തരെയുമാണെന്ന് കരുതിയാൽ, അതോടൊപ്പം, അതു മനുഷ്യനെയാണ്, മനുഷ്യജീവനെയാണ് എന്ന് കൂടി കരുതിയാൽ അതു പൂർണ്ണമായ അറിവായിരിക്കും. അപ്പോൾ പഴയ സൃഷ്ടിയിൽ ഉൾപ്പെട്ടവയെല്ലാം ക്രൂശിന്റെ തത്ത്വം അവസാനിപ്പിക്കും, മനുഷ്യജീവൻ പോലും.

4."മക്കൾ ജഡരക്തങ്ങളോടുകൂടിയവരാകകൊണ്ട് അവനും അവരേപ്പോലെ ജഡരക്തങ്ങളോടുകൂടിയവനായി "മരണത്തിന്റെ അധികാരിയായ പിശാചിനെ" തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ, അടിമകളായിരുന്നവരെയൊക്കെയും വിടുവിച്ചു" (എബ്രാ.2:14). "ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധിയാകുന്നു; ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തുതള്ളിക്കളയും'' (യോഹ.12:31). പഴയ സൃഷ്ടിയിൽ ഉൾപ്പെട്ട മരണത്തിന്റെ അധികാരിയായ പിശാചിനെ ക്രിസ്തുവിന്റെ കൽവരിമരണത്താൽ പരാജയപ്പെടുത്തി.

(ശേഷം 8-ാം പേജിൽ)

## നമ്മൾ, മനുഷ്യർ എങ്ങനെ മരിച്ചിടത്തുനിന്നുയിർക്കും?

**എഡിറ്റോറിയൽ** **ദേവസ്യാ മുല്ലക്കരസാർ**

(5-ാം പേജിൽ നിന്നും തുടർച്ച)

പ്രവൃത്തിയായ, തങ്ങൾക്കുള്ളതെല്ലാം ദാനം ചെയ്യുന്ന മനസ്സിലും പ്രാർത്ഥനയിലും വചനപരിജ്ഞാനത്തിലും, അഭിഷേകത്തിലും യാതൊരു കാപട്യവുമില്ലാത്ത സ്നേഹത്തിലും നൂറു ശതമാനവും പിതാവിനിഷ്ടപ്പെട്ടവർക്കും രൂപാന്തരം പ്രാപിക്കലുണ്ടാകും (1 കൊരി.15:51,52). ഈ രണ്ട് കൂട്ടരും മേഘാരൂഢരായി ക്രിസ്തുവിനോടൊപ്പം പിതാവിന്റെ സന്നിധിയിലേക്ക് പോയി ഏഴ് വർഷം കഴിയുമ്പോൾ ഒലിവുമലയിലേക്ക് മണവാളനോടൊപ്പമുള്ള മണവാട്ടിയായി തിരിച്ചുവന്ന് സഹസ്രാബ്ദയുഗത്തിനായുള്ള ഒരുക്കം നടത്തും.

സഹസ്രാബ്ദയുഗത്തോടെ പഴയനിയമകാല വിശുദ്ധന്മാരും, എതിർ ക്രിസ്തുവിന്റെ കാലത്ത് രക്തസാക്ഷികളായ വിശുദ്ധന്മാരും ഉയിർത്തെഴുന്നേൽപ്പിക്കപ്പെടും. മരിച്ചവരെങ്ങനെ ഉയിർക്കുമെന്നും കർത്താവ് പഠിപ്പിച്ചിട്ടുണ്ട്. “മൂഢാ നീ വിതയ്ക്കുന്നത് ചത്തില്ല എങ്കിൽ ജീവിക്കുന്നില്ല. നീ വിതയ്ക്കുന്നതോ ഉണ്ടാകുവാനുള്ള ശരീരമല്ല, കോതമ്പിന്റെയൊ മറ്റു വല്ലതിന്റെയൊ വെറും മണിയത്രേ വിതക്കുന്നത്. ദൈവമോ തന്റെ ഇഷ്ടം പോലെ, അതിനൊരു ശരീരവും ഓരോ വിത്തിന് അതതിന്റെ ശരീരവും കൊടുക്കുന്നു. സകല മാംസവും ഒരുപോലെയുള്ള മാംസമല്ല; മനുഷ്യരുടെ മാംസം വേറെ, കന്നുകാലികളുടെ മാംസം വേറെ, പക്ഷികളുടെ മാംസം വേറെ, മത്സ്യങ്ങളുടെ മാംസവും വേറെ, സ്വർഗ്ഗീയശരീരങ്ങളും ഭൗമശരീരങ്ങളുമുണ്ട്. സ്വർഗ്ഗീയശരീരങ്ങളുടെ തേജസ്സ് വേറെ, ഭൗമശരീരങ്ങളുടെ തേജസ്സ് വേറെ. സൂര്യന്റെ തേജസ്സ് വേറെ, നക്ഷത്രങ്ങളുടെ തേജസ്സ് വേറെ; നക്ഷത്രവും നക്ഷത്രവും തമ്മിൽ തേജസ്സുകൊണ്ട് ഭേദം ഉണ്ടല്ലോ. മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണം തന്നെ. ദ്രവത്വത്തിൽ വിതക്കപ്പെടുന്നു, അദ്രവത്വത്തിൽ, ഉയിർക്കുന്നു; ബലഹീനതയിൽ വിതക്കപ്പെടുന്നു, ശക്തിയിൽ ഉയിർക്കുന്നു; പ്രാകൃതശരീരം വിതയ്ക്കപ്പെടുന്നു ആത്മീയ ശരീരം ഉയിർക്കുന്നു” (1 കൊരി.15:36-44).

അതേ മരിച്ചുപോകുന്ന നാം നൂറു ശതമാനവും ക്രിസ്തുവിനുള്ളവരാണെങ്കിൽ ഉയിർത്ത് സ്വർഗ്ഗത്തിലും ശതമാനം കുറഞ്ഞാൽ .................. ?

## പ്രാർത്ഥനയാൽ കാഴ്ച ലഭിച്ചു



എന്റെ പേര് ഗോമതി. വളരെക്കാലമായി എന്റെ വലതുകണ്ണിന് കാഴ്ച്ചക്കുറവായിരുന്നു. അഞ്ചു വർഷം മുമ്പ് ഒരു ഓപ്പറേഷൻ ചെയ്തുവെങ്കിലും പ്രയോജനമില്ലായിരുന്നു. അങ്ങനെയിരിക്കെ മൂന്നു മാസം മുമ്പ് തിരുവല്ല മഞ്ഞാടിയിലുള്ള ആത്മാഭിഷേകം വർഷിപ്പ് സെന്ററിൽ എല്ലാ രണ്ടാം ശനിയാഴചകളിലും നടക്കുന്ന ഏകദിന പ്രാർത്ഥനയിൽ ഞാൻ പങ്കെടുക്കുയും സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി എന്റെ കണ്ണിന് കാഴ്ച തിരിച്ചു കിട്ടി. യേശു ജീവനുള്ള ദൈവമാണെന്നു ഞാൻ തിരിച്ചറിയുകയും സർവ്വശക്തനായ ദൈവത്തെ ആരാധിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ദേവസ്യാ സാറിനെപ്പോലെയുള്ള ദൈവദാസന്മാരെ ധാരാളമായി അനുഗ്രഹങ്ങളാൽ നിറയ്ക്കണമെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഗോമതി
മാമ്പളത്തറ
Ph: 0475 213 4035

5. "അതിക്രമങ്ങളൊക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായ്ച്ച് ക്രൂശിൽ തറച്ച്; നടുവിൽ നിന്ന് നീക്കിക്കളഞ്ഞു; വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെമേൽ ജയോത്സവംകൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി" (കൊലോ.2:14,15). സാത്താന്റെ രാജ്യത്തെയും ക്രൂശിന്റെ തത്ത്വത്തിൽ തകർത്ത് ജയോത്സവം കൊണ്ടാടിക്കളഞ്ഞു.

6. പാപങ്ങളെയും കാൽവരി ക്രൂശുമരണതത്ത്വത്താൽ പഴയ സൃഷ്ടിയാക്കി തകർത്തുകളഞ്ഞു. "പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന്, അവൻ നമുക്കുവേണ്ടി പാപം ആക്കി" (2 കൊരി.5:21). "ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിന് കഴിയാഞ്ഞതിനെ (സാധിപ്പാൻ) ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു, പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു. ജഡത്തെയല്ല, ആത്മാവിനെ യത്രെ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവർത്തിയാകേണ്ടതിനുതന്നെ. ജഡസ്വഭാവമുള്ളവർ ജഡത്തിനുള്ളതും ആത്മസ്വഭാവമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കുന്നു. ജഡത്തിന്റെ ചിന്ത മരണം; ആത്മാവിന്റെ ചിന്തയോ ജീവനും സമാധാനവും തന്നെ" (റോമ.8:3-6). "നാം പാപം സംബന്ധിച്ച് മരിച്ച് നീതിക്ക് ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്ക് സൗഖ്യം വന്നിരിക്കുന്നു" (1 പത്രൊ.2:24). "നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു. നാം ഓരോരുത്തരും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെയെല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി" (യെശ.53:6).

7. "എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലല്ലാതെ പ്രശംസിക്കാനിട വരരുത്. അവനാൽ ലോകമെനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു" (ഗലാ.6:14). യേശുക്രിസ്തുവിന്റെ തിരുക്രൂശിതമരണത്താൽ ലോകം ക്രൂശിക്കപ്പെടുക തന്നെ സംഭവിച്ചു. "ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു. ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറന്തള്ളിക്കളയും'' (യോഹ.12:31). പഴയതായ ലോകം ക്രിസ്തുവിന്റെ ക്രൂശിനാൽ, ക്രൂശിതമരണത്താൽ, പഴയതിന്റെ സ്വഭാവമെല്ലാം മാറുവാനാണ് കർത്താവ് വിഭാവനം ചെയ്യുന്നത്.

8. ''ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി ക്രൂശിച്ചിരിക്കുന്നു" (ഗലാ.5:24). ജഡത്തെയും, ജഡമോഹങ്ങളെയും ജഡത്തിന്റെ ഒടുവിലത്തെ പ്രകടനമായ മരണത്തെയും, ക്രിസ്തുവിനോടുകൂടി ക്രൂശിച്ചിരിക്കുകയാണ്.

9. ''ഇനി നാം പാപത്തിന് അടിമപ്പെടാതെവണ്ണം പാപശരീരത്തിന് നീക്കം വരേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടി ക്രൂശിക്കപ്പെട്ടുവെന്ന് നാം അറിയുന്നു" (റോമ.6:6). അതേ നമ്മുടെ പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

10. ''ഞാൻ ദൈവത്തിനായി ജീവിക്കേണ്ടതിന് ന്യായപ്രമാണത്താൽ ന്യായപ്രമാണസംബന്ധമായി മരിച്ചു" (ഗലാ.2:20). സകല മനുഷ്യന്റെയും സ്വയവും "ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ട് തന്നോട് നിരപ്പിപ്പാനും പിതാവിന് പ്രസാദം തോന്നി" എന്ന (കൊലോ.1:20 B) വചനത്താൽ സർവ്വ സൃഷ്ടിയും സർവ്വവും കാൽവരിമരണത്തിന്റെ യോഗ്യതയാൽ പുതുക്കപ്പെടുകയും ചെയ്തു.

ക്രിസ്തുവിന്റെ ക്രൂശുമരണത്താൽ മേലെഴുതിയ പത്തു സംഭവങ്ങളും നടന്നു. പ്രത്യേകിച്ചും, ക്രിസ്തുവിന്റെ മരണത്താൽ ലോകം ന്യായം വിധിക്കപ്പെടുകയും ഈ ലോകത്തിന്റെ പ്രഭുവായ സാത്താൻ തള്ളപ്പെടുകയും നമ്മുടെ ജഡമോഹങ്ങൾ എല്ലാം കാൽവരിയിലെ വിശുദ്ധസംഭവ യോഗ്യതയിൽ ശരിക്കും വിശ്വസിക്കുന്നു എങ്കിൽ പഴയതാക്കപ്പെടുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇനി നാം ഉയിർത്തെഴുന്നേൽപ്പിന്റെ തത്വം അറിയേണ്ടിയിരിക്കുന്നു.

**ഉയിർത്തെഴുന്നേൽപ്പിന്റെ തത്വം**

മാനവചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഏതാനും കാര്യങ്ങളെഴുതാം. ബി.സി 3500-നു മുമ്പ്, കൃത്യമായിട്ട് ആർക്കും അറിയില്ല പ്രപഞ്ചം ഉണ്ടാക്കപ്പെട്ടു, ദൈവത്താൽ. ആ പ്രപഞ്ചത്തിൽ ആകാശവും ഭൂമിയും അനാദിയിൽ

# ക്രിസ്തുശാസ്ത്രം Christology 4

തന്നെയുണ്ടായി. നോഹയുടെ കാലത്ത് ജലപ്രളയമുണ്ടായി.

1. ബി.സി. 3500–ൽ സുമേരിയൻ നാഗരികതയുടെ ഭാഗമായി ലിപികൾ ആവിഷ്ക്കരിക്കപ്പെട്ടു.

2. ബി.സി. 3500 സിന്ധൂനദീതട സംസ്ക്കാരത്തോടൊപ്പം ഹാരപ്പാ മോഹൻജദാരോ സംസ്ക്കാരവുമുണ്ടായി.

3. ബി.സി. 2980–ൽ നൈൽ നദീതീരത്ത് ഈജിപ്ത് എന്ന പുരാതന നാഗരിക സംസ്ക്കാരവും 2850 –ഓടുകൂടി ചൈനീസ് നാഗരിക സംസ്ക്കാരവും ഉണ്ടാവുകയും 2700 ഈജിപ്തിൽ പിരമിഡുകൾ പണിയപ്പെടുകയും ചെയ്തു.

4. ബി.സി 2500–ൽ പാപ്പിറസും മഷിയുമുപയോഗിച്ച് എഴുത്തുസംവിധാനം ഈജിപ്തിൽ ആരംഭിച്ചു. 2492–ഓടുകൂടി ബാബേൽ ഗോപുരനിർമ്മാണവും തൊട്ടടുത്ത് വിവിധ ഭാഷകളുടെ ഉദ്ഭവവും വളർച്ചയും സംഭവിച്ചു.

5. ബി.സി 2166–ലാണെന്ന് കണക്കാക്കപ്പെടുന്നു അബ്രഹാമിന്റെ ജനനമെന്നും, 2066–ൽ യിസഹാക്ക് ജനിച്ചതായും കരുതപ്പെടുന്നു.

6. ഇന്ത്യയിൽ വേദങ്ങൾ രണ്ടായിരാമാണ്ടോടെ എഴുതപ്പെടുകയും ആര്യന്മാർ ഇന്ത്യയിലെത്തി ജീവിതമാരംഭിക്കുകയും ചെയ്യുന്നു.

7. ബി.സി 1526–ൽ മോശെയുടെ ജനനം.

8. 1010–ൽ യിസ്രയേലിൽ ദാവീദ് രാജ്യഭരണം തുടങ്ങുന്നു.

9. ബി.സി 1000–ൽ രാമായണവും മഹാഭാരതവും രചിക്കപ്പെടുന്നു.

10. ബി.സി 875–ൽ ഏലിയാവും 848–ൽ ഏലീശായും യിസ്രയേലിൽ പ്രവചിക്കുന്നു; 793–ൽ യോനായുടെ പ്രവചനവും നടന്നു. 796–ൽ ആയിരുന്നു ആദ്യത്തെ ഒളിമ്പിയാഡ്.

11. ഏശയ്യാവ് 740–ലും യിരമ്യാവ് 627–ലും പ്രവചിച്ചു.

12. 563 ശ്രീബുദ്ധൻ നേപ്പാളിൽ ജനിച്ചു.

13. 581–ൽ ചൈനയിൽ കൺഫ്യൂഷസ് ജനിച്ചു.

14. ബി.സി 516–ൽ യെരുശലേമിൽ പുതിയ ദേവാലയം പണിയുന്നു.

15. ബി.സി 509–ൽ റോമിൽ ജനാധിപത്യ ഭരണക്രമം വന്നു.

16. ബി.സി 480–ൽ ബുദ്ധന്റെ മരണവും 469–ൽ സോക്രട്ടീസിന്റെ ജനനവും 445–ൽ നെഹമ്യാവിന്റെ മതിലുനിർമ്മാണവും നടക്കുന്നു. 384–ൽ അരിസ്റ്റോട്ടിൽ ജനിച്ചു. 370–ൽ പ്ലേറ്റൊ 'റിപ്പബ്ലിക്' എഴുതി. 274–ൽ അശോകൻ ചക്രവർത്തിയായി. 100–ൽ ജൂലിയസ് സീസർ ജനിക്കുകയും ബ്രൂട്ടസിനാൽ 44–ൽ മരിക്കുകയും ചെയ്തു.

17. ബി.സി 4–ൽ യേശുക്രിസ്തു ജനിക്കുന്നു. എ.ഡി 30–ൽ യേശുക്രിസ്തു ക്രൂശിക്കപ്പെടുന്നു; ഉയിർത്തെഴുന്നേൽക്കുന്നു; സ്വർഗ്ഗാരോഹണം ചെയ്യുന്നു; പെന്തക്കോസ്ത് ദിനത്തിൽ പരിശുദ്ധാത്മാവിനെ യേശുക്രിസ്തു അയയ്ക്കുന്നു. ആദിമസഭ ആരംഭിക്കുന്നു. എ.ഡി 40–ൽ പൗലൊസ് മാനസാന്തരപ്പെടുന്നു.

18. എ.ഡി 70–ൽ റോമാക്കാർ യെരുശലേമും ദേവാലയവും നശിപ്പിക്കുന്നു.

19. എ.ഡി 95–ൽ വെളിപ്പാടു പുസ്തകം യോഹന്നാൻ എഴുതി.

20. എ.ഡി 570–ൽ മുഹമ്മദ് നബി മെക്കയിൽ ജനിച്ചു; എ.ഡി 632–ൽ അന്തരിക്കുകയും ചെയ്തു.

ആയിരക്കണക്കിന് ചരിത്രസത്യങ്ങളിൽ നിന്ന്, ഒരു ബൈബിൾ പഠിതാവിന് അത്യാവശ്യമുള്ള ചില സംഭവങ്ങൾ അടർത്തിയെടുത്തെന്നേയുള്ളു.

ഇവയിൽ, ദൈവരാജ്യത്തോടും നിത്യതയോടും ബന്ധപ്പെട്ടതും മാനവചരിത്രത്തിലെ ഏറ്റവും സുപ്രധാനവുമായ കാര്യങ്ങളാണ് യേശുക്രിസ്തുവിന്റെ ജനനവും മരണവും പുനരുത്ഥാനവും. ഇവിടെ നാം ചർച്ചക്കെടുക്കുന്നതോ? ക്രിസ്തുവിന്റെ പുനരുത്ഥാനം!


1 കൊരി.15:17–ൽ "ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു.'' ലോകത്തിലെ, എണ്ണത്തിലും, സംസ്ക്കാരത്തിലും, അറിവിലും, സ്നേഹത്തിലും, സമ്പത്തിലും ഒക്കെയും ഏറ്റവും വലിയ ജനസമൂഹമാണ് ക്രൈസ്തവലോകം. 300 കോടിക്ക് മേൽ വരുന്ന ഈ ജനമഹാസമുദ്രത്തിന്റെ വിശ്വാസം വ്യർത്ഥമത്രേ, ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ. ഇലക്ട്രിസിറ്റി മുതൽ ഇൻർനെറ്റ് മുതൽ എന്നല്ല ലോകത്തിലെ മിക്ക കണ്ടുപിടുത്തങ്ങളും കണ്ടുപിടിച്ചത് ക്രിസ്ത്യാനിയോ യഹൂദന്മാരൊ ആണ്. അത്ര ഉയർന്ന ഈ ജനസമൂഹത്തിന്റെ വിശ്വാസം വ്യർത്ഥമത്രേ, ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ല എങ്കിൽ എന്നു

## ഹാർട്ടിന്റെ വാൽവുകൾക്ക് സൗഖ്യം



2012 മുതൽ എനിക്ക് ഹാർട്ടിന്റെ വാൽവ് ചുരുങ്ങുന്ന രോഗം മൂലം വലിയ കഷ്ടതകളായിരുന്നു. ശാരീരികമായി ഭയങ്കരമായ അസ്വസ്ഥതയും ക്ഷീണവുമുണ്ടായിരുന്നു. വീട്ടുജോലികൾ പോലും ചെയ്യാൻ വലിയ പ്രയാസമായിരുന്നു. എന്നാൽ മൂന്നു മാസങ്ങൾക്കു മുമ്പ് ദേവസ്യാ മുല്ലക്കരസാർ തിരുവല്ല ആത്മാഭിഷേകം വർഷിപ്പ് സെന്ററിൽ വച്ച് എനിക്കു വേണ്ടി പ്രാർത്ഥിച്ചതിൽ പിന്നെ എനിക്ക് പരിപൂർണ്ണ സൗഖ്യം ലഭിച്ചു. എനിക്കിപ്പോൾ യാതൊരു ബുദ്ധിമുട്ടുകളുമില്ല. എന്റെ ദേശത്തും ബന്ധുമിത്രാദികളുടെയിടയിലും ഇതൊരു ആശ്ചര്യമായിരിക്കുന്നു. ഞാനെല്ലാവരോടും ഇന്നും പ്രവർത്തിക്കുന്ന ജീവനുള്ള ദൈവത്തെക്കുറിച്ച് പറഞ്ഞ് സാക്ഷ്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഈ സാക്ഷ്യം വായിക്കുന്നവരെ, നിങ്ങൾ ഏതു തകർച്ചയിലാണെങ്കിലും നിരാശപ്പെടേണ്ട. ഇന്നും ജീവിക്കുന്ന യേശുവിന്റെ നാമത്തിൽ സൗഖ്യവും വിടുതലുമുണ്ട്. ദൈവനാമത്തിന് മഹത്വമുണ്ടാകട്ടെ.

മേരിക്കുട്ടി
ചെന്നിത്താനം
Ph: 9656059467




പറയുമ്പോൾ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് ഹൈഷിണികലോകത്തിലും ആധുനികലോകത്തിലും ആത്മീയലോകത്തിലും സാംസ്ക്കാരിക ലോകത്തിലും ചെലുത്തിയിട്ടുള്ള സ്വാധീനത്തെപ്പറ്റി പരിശുദ്ധാത്മാവ് പറയുകയായിരുന്നു. "ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ എന്നും നിങ്ങൾ നിങ്ങളുടെ പാപങ്ങളിലിരിക്കുന്നു എന്നും" (1 കൊരി.15:7).

യേശുവിന്റെ ചരിത്രം ദൈവമായ യഹോവ, മറിയ കന്യകയായിരുന്നപ്പോൾ അവളിൽ ജനിച്ചു എന്നുള്ളതാണ്. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും" (ഏശ.7:14) ദൈവദൂതന്മാരാണ് ഈ സന്ദേശം അറിയിച്ചത്. "അവന് ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന പേര് വിളിക്കും." പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമായ യേശുക്രിസ്തുവിനെ ("അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്" കൊലോ.2:9) ഈ പ്രപഞ്ചത്തിൽ അവതരിപ്പിക്കുക എന്നത് സർവ്വശക്തനായ ത്രീയേകദൈവത്തിൽ (പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീയേകദൈവം) മാത്രം അനാദിയിലേയുള്ള (ലോകസ്ഥാപനത്തിനുമുമ്പേയുള്ള) പദ്ധതി മാത്രമാണ്.

### മൂന്നാം ദിവസം

പഴയനിയമ പുതിയനിയമ ഭാഗങ്ങളിൽ യേശുവിന്റെ ജീവിതത്തിലെ ഓരോ സംഭവങ്ങളും പ്രവചനമായിട്ടുണ്ട്. മൂന്നാം നാൾ ഉയിർക്കണം എന്ന പ്രവചനങ്ങൾ നമുക്ക് നോക്കാം.

1. "യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിലിരിക്കും" (മത്താ.2:40).
2. "ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു; യോനായുടെ അടയാളമല്ലാതെ അതിന് അടയാളം ലഭിക്കില്ല. പിന്നെ അവൻ അവരെ വിട്ടുപോയി" (മത്താ.16:4).
3. "അന്നു മുതൽ യേശു താൻ യെരുശലേമിൽ ചെന്നിട്ട് മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ച് കൊല്ലപ്പെടുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യേണ്ടിയിരിക്കുന്നു എന്ന്

ശിഷ്യന്മാരോട് പ്രസ്താവിച്ചുതുടങ്ങി" (മത്താ.16:21).

4. "അവർ അവനെ കൊല്ലുകയും മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും എന്നു പറഞ്ഞു; അവരൊ ഏറ്റവും ദു:ഖിച്ചു" (മത്താ.17:22).

5. "യേശു യെരുശലേമിലേക്ക് യാത്ര ചെയ്യുമ്പോൾ പന്ത്രണ്ട് ശിഷ്യന്മാരെയും വേറിട്ട് കൂട്ടിക്കൊണ്ട് വഴിയിൽ വെച്ച് അവരോട് പറഞ്ഞത്: നാം യെരുശലേമിലേക്ക് പോകുന്നുവല്ലോ; അവിടെ മനുഷ്യപുത്രൻ മഹാപുരോഹിതന്മാർക്കും ശാസ്ത്രിമാർക്കും ഏല്പിക്കപ്പെടും; അവർ അവന് മരണശിക്ഷ കല്പിച്ചു, പരിഹസിപ്പാനും തല്ലുവാനും ക്രൂശിക്കുവാനും അവനെ ജാതികൾക്ക് ഏല്പിക്കും; എന്നാൽ മൂന്നാം നാൾ, അവൻ ഉയിർത്തെഴുന്നേൽക്കും" (മത്താ.20:17-19).

6. "മനുഷ്യപുത്രൻ പലതും സഹിക്കുകയും മൂപ്പന്മാരും മഹാപുരോഹിതന്മാരും ശാസ്ത്രിമാരും അവനെ തള്ളിക്കളഞ്ഞ് കൊല്ലുകയും മൂന്നാം നാൾ കഴിഞ്ഞിട്ട് അവനുയിർത്തെഴുന്നേൽക്കുകയും വേണം എന്ന് അവരെ ഉപദേശിച്ചുതുടങ്ങി" (മർക്കോ.8:31).

7. "അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച്, അവരോട്: മനുഷ്യപുത്രൻ മനുഷ്യരുടെ കയ്യിൽ ഏല്പിക്കപ്പെടും; അവർ അവനെ കൊല്ലും; കൊന്നിട്ട് മൂന്നാം നാൾ കഴിഞ്ഞിട്ട് ശേഷം, അവൻ ഉയിർത്തെഴുന്നേൽക്കും, എന്നു പറഞ്ഞു. ആ വാക്ക് അവർ ഗ്രഹിച്ചില്ല, അവനോട് ചോദിപ്പാനൊ അവർ ഭയപ്പെട്ടു" (മർക്കോ.9:32).

8. "അവർ അവനെ പരിഹസിക്കുകയും തുപ്പുകയും തല്ലുകയും കൊല്ലുകയും മൂന്നാം നാൾ കഴിഞ്ഞിട്ട് അവൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും എന്നിങ്ങനെ തനിക്ക് സംഭവിപ്പാനുള്ളത് പറഞ്ഞുതുടങ്ങി" (മർക്കോ.10:34).

9. "മനുഷ്യപുത്രൻ പലതും സഹിക്കുകയും മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രികൾ എന്നിവർ അവനെ തള്ളിക്കളഞ്ഞ് കൊല്ലുകയും അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും വേണം എന്നു പറഞ്ഞു" (ലൂക്കോ.9:22,23).

10 "അവനെ ജാതികൾക്ക് ഏല്പിച്ചു കൊടുക്കുകയും അവർ അവനെ പരിഹസിച്ച്, അവഗണിച്ച് തുപ്പി തല്ലിയിട്ട് കൊല്ലുകയും മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും എന്നു പറഞ്ഞു" (ലൂക്കോ.18:32,33).

11. "യേശു അവരോട്: ഈ മന്ദിരം പൊളിപ്പിൻ: ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും എന്നുത്തരം പറഞ്ഞു. യഹൂദന്മാർ അവനോട് ഈ മന്ദിരം നാല്പത് സംവത്സരം കൊണ്ട് പണിതിരിക്കുന്നു: നീ മൂന്നു ദിവസത്തിനകം അതിനെ പണിയുമൊ എന്നു ചോദിച്ചു. അവനൊ തന്റെ ശരീരമെന്ന മന്ദിരത്തെക്കുറിച്ചത്രെ പറഞ്ഞത്: അവൻ ഇത് പറഞ്ഞു എന്ന് അവൻ മരിച്ചവരിൽ നിന്നുയിർത്തെഴുന്നേറ്റ ശേഷം ശിഷ്യന്മാർ ഓർത്തു, തിരുവെഴുത്തും യേശു പറഞ്ഞ വചനവും വിശ്വസിച്ചു" (യോഹ.2:19-22).

## തിരുവെഴുത്തുകളിൻ പ്രകാരം

തിരുവെഴുത്തുകളിൻ പ്രകാരമാണ് ക്രിസ്തുവിന്റെ ജനനവും, ജീവിതവും, മരണ പുനരുത്ഥാനങ്ങളും, ഇനി സംഭവിക്കാനുള്ള വീണ്ടും വരവുമെല്ലാം. ഈ എഴുതിയത് തിരുവചനത്തിൽ നിന്നും ഉദ്ധരിക്കാം. "ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചടക്കപ്പെട്ടു, തിരുവെഴുത്തുകളിൻപ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു, കേഫാവിനും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതു തന്നെ നിങ്ങൾക്ക് ആദ്യമായി ഗ്രഹിപ്പിച്ചു തന്നുവല്ലോ" (1 കൊരി.15:3,4,5).

## തിരുവെഴുത്തുകൾ കൊണ്ട് നിറഞ്ഞ ബൈബിളിനെ നാം വിശ്വസിക്കണം

നാല്പത് എഴുത്തുകാർ ഒരേ കാര്യത്തെപ്പറ്റി, ക്രിസ്തുവിലൂടെ നടന്ന വീണ്ടെടുപ്പിനേപ്പറ്റി ബി.സി യുടെ 1500-ഓളം വർഷങ്ങൾ കൊണ്ടും എ.ഡിയുടെ ആദ്യ നൂറ് വർഷങ്ങൾക്കിടയിലും എഴുതിയതൊക്കെയും അവർ തമ്മിൽ ഒരിക്കലും, ആലോചിച്ചിട്ടില്ല ഇന്ന മാതിരി എഴുതണമെന്ന്, എല്ലാം ഒരേ ആൾ എഴുതിയതുപോലെ വന്നുവെന്നത് ബൈബിളിന്റെ രചന ദൈവാത്മപ്രേരണയാലാണെന്ന് തെളിയിക്കുന്നു.

ബൈബിളിലെ എഴുത്തുകാരിൽ ചിലർ മോശെയെപ്പോലെ രാഷ്ട്രീയ ജ്ഞാനികളായിരുന്നു. ചിലർ യോശുവയെപ്പോലെ മിലിട്ടറി ഉദ്യോഗസ്ഥന്മാരായിരുന്നു. ബൈബിൾ രചയിതാക്കളിൽ ചിലർ ദാവീദിനെപ്പോലെ

**Fundamental Knowledge of True Theology - Chapter : 26**

# ക്രിസ്തുശാസ്ത്രം CHRISTOLOGY 4

ഇടയന്മാരും, ആമോസിനെപ്പോലെ കന്നുകാലിയുടമകളുമായിരുന്നു. ബൈബിൾ രചയിതാക്കളിൽ ദാനിയേലിനെപ്പോലെ മന്ത്രിമാരും ലൂക്കോസിനെപ്പോലെ ഡോക്ടർമാരും പൗലൊസിനെപ്പോലെയുള്ള റബ്ബിമാരും പത്രൊസിനെപ്പോലെ മുക്കുവന്മാരും മത്തായിയെപ്പോലെ ചുങ്കക്കാരും ഒക്കെയുണ്ടായിരുന്നു. ഇത്തരം വൈവിധ്യ സ്വഭാവം എഴുത്തുകാർക്കുണ്ടായിട്ടും ഇതിവൃത്തം ഒന്നുതന്നെയായിരുന്നു. 2 പത്രൊ.1:20,21-ൽ "തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നാദ്യം തന്നെ അറിഞ്ഞുകൊള്ളണം. പ്രവചനമൊരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. ദൈവകല്പനയാൽ മനുഷ്യൻ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രേ" എന്നു നാം വായിക്കുന്നു. ഇവിടെ പ്രവചനം എന്ന് പറഞ്ഞിരിക്കുന്നത് വചനത്തെ തന്നെയാണ്. 2 തിമൊ. 3:16-ഉം 17-ഉം നമുക്ക് ആധികാരിക വചനങ്ങളായി സ്വീകരിക്കുക തന്നെ ചെയ്യാം. "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ, ദൈവത്തിന്റെ മനുഷ്യൻ, സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച്, തികഞ്ഞവനാകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു."

ജർമ്മൻ തത്വശാസ്ത്രജ്ഞനായ ഇമ്മാനുവേൽ കെന്റ് Critique of puve reason എന്ന സുപ്രസിദ്ധഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളത്, മാനവരാശിക്ക് ലഭിച്ച ഏറ്റവും വലിയ അനുഗ്രഹമാണ് ബൈബിൾ എന്നാണ്. ഗലീലി എന്ന, ടെലസ്ക്കോപ്പുൾപ്പെടെ അനേകം കണ്ടുപിടുത്തങ്ങൾ നടത്തിയ ഗലീലിയോ എന്ന ശാസ്ത്രജ്ഞനും, സർ ഐസക് ന്യൂട്ടണും ഐൻസ്റ്റീനും ഒക്കെ, ദൈവത്താൽ നൽകപ്പെട്ടതും മാനവസമൂഹത്തിന് ആത്മീയ വെളിച്ചം പകരാൻ ഇടവരുത്തിയതുമായ ബൈബിളിനെപ്പറ്റി ഏറ്റവും ഉയർന്ന അഭിപ്രായമത്രേ പറഞ്ഞിരിക്കുന്നത്. വോൾട്ടെയർ ബൈബിൾ ആരും വായിക്കാത്ത ഗ്രന്ഥമായിത്തീരുമെന്ന് ശാപവാക്കുകളാണൊരു കാലത്ത് പറഞ്ഞതെങ്കിൽ കാരുണ്യവാനായ ദൈവം വോൾട്ടെയറിന്റെ ഭവനത്തെ ബൈബിൾ സൊസൈറ്റിയുടെ സംഭരണ കേന്ദ്രമാക്കി മാറ്റിയിരിക്കുകയാണ് ഇന്ന്. ഇത്രയധികം ശ്രേഷ്ഠമായ വിശുദ്ധ വേദപുസ്തകമായ ബൈബിളിൽ എഴുതിയിരിക്കുന്ന സത്യസംഭവങ്ങളെ എല്ലാം സത്യസംഭവങ്ങളായി ആരെല്ലാം വിശ്വസിക്കുന്നുവോ അവർക്ക് വീണ്ടുംജനനവും നിത്യതയും ഉറപ്പാണ്.

**ഒഴിഞ്ഞ കല്ലറ!**

ലൂക്കോ.24-ൽ "അവർ ഒരുക്കിയ സുഗന്ധവർഗ്ഗമെടുത്ത്, ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം അതികാലത്ത് കല്ലറയ്ക്കൽ എത്തി കല്ലറയിൽ നിന്ന് കല്ല് ഉരുട്ടിക്കളഞ്ഞതായി കണ്ടു. അകത്തു കടന്നാറെ കർത്താവായ യേശുവിന്റെ ശരീരം കണ്ടില്ല. അതിനെക്കുറിച്ച് അവർ ചഞ്ചലിച്ചുകൊണ്ടിരിക്കുമ്പോൾ മിന്നുന്ന വസ്ത്രം ധരിച്ച രണ്ട് പുരുഷന്മാർ അരികെ നിൽക്കുന്നതു കണ്ടു. ഭയപ്പെട്ട് മുഖം കുനിച്ചു നിൽക്കുമ്പോൾ അവർ അവരോട്: നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നതെന്ത്? അവൻ ഇവിടെയില്ല, ഉയിർത്തെഴുന്നേറ്റിരിക്കുന്നു: മുമ്പേ, ഗലീലയിൽ ഇരിക്കുമ്പോൾ തന്നെ അവൻ നിങ്ങളോട് മനുഷ്യപുത്രനെ പാപികളായ മനുഷ്യരുടെ കയ്യിൽ ഏല്പിച്ച് ക്രൂശിക്കുകയും അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും വേണം എന്നു പറഞ്ഞത് ഓർത്തുകൊള്ളുവിൻ എന്നു പറഞ്ഞു" (ലൂക്കോ.24:1-7). ലൂക്കോസിൽ മാത്രമല്ല സമവീക്ഷണ സുവിശേഷങ്ങളായ (synoptic gospels) മത്തായിലും മർക്കോസിലും ഇതു രേഖപ്പെടുത്തിയിരിക്കുന്നു.

ക്രിസ്തുവിന്റെ അതിദാരുണമെങ്കിലും മനുഷ്യരക്ഷയ്ക്ക് അത്യാവശ്യമായിരുന്ന ക്രൂശിതമരണവും മൂന്നാം നാളിലെ ഉത്ഥാനവും ആണ് മറ്റ് മതനേതാക്കന്മാരിൽ നിന്നും മഹാന്മാരിൽ നിന്നും അവനെ വേർപെടുത്തി നിർത്തിയിരിക്കുന്നത്. പല തരത്തിലുള്ള അപകടമരണങ്ങളിൽ നിന്നും അകാലമരണങ്ങളിൽ നിന്നും ക്രിസ്തുവിന്റെ മരണത്തെ വേർപെടുത്തി നിർത്തുന്നത് താൻ തന്നെ മരണത്തിന് ഏല്പിച്ചുകൊടുത്തു എന്നുള്ളതാണ്. മാത്രമല്ല, മരണത്തിന് അവന്റെമേൽ അധികാരമില്ല എന്ന് തെളിയിച്ചുകൊണ്ടുമാണ് മൂന്നാം നാളിലെ ഉയിർത്തെഴുന്നേൽക്കൽ.

**അരിമഥ്യാക്കാരൻ ജോസഫിന്റെ കല്ലറ**

കുരിശിൽ മരിക്കുക എന്നത് വളരെ നിന്ദിതമായിരുന്നു.

## പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക

# ദേവസ്യാ മുല്ലക്കര സാർ

## 9388371777, 9946635111

### സമയം: രാവിലെ 7 മുതൽ 9 വരെ

### പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും

**എറണാകുളം അഡ്രസ്സ്:**

ദേവസ്യാ മുല്ലക്കര, കൂടാരം വില്ല,
ഹൗസ് നമ്പർ 70, പുളിക്കില്ലം
വെസ്റ്റ് റോഡ്, ചെമ്പുമുക്ക്,
കൊച്ചി–682 030.
കേരള, സൗത്ത് ഇന്ത്യ.

**ഹെഡ്ഡ് ഓഫീസ് അഡ്രസ്സ്:**

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.

e-mail: ekmoffice@gmail.com
our official website: www.churchofeternity.org

**Cheque And Drafts ചെക്കുകളും ഡ്രാഫ്റ്റുകളും**

**അയക്കേണ്ട വിലാസം:**

**Devasia mullakkara**
**PB. No.1**
**Cherupuzha(P.O)**
**Kannur(Dist), Kerala**
**Pin Code: 670 511**
**Ph: 04985 213999**

**ദേവസ്യാ മുല്ലക്കര, PB.No.1**
**ചെറുപുഴ P.O**
**കണ്ണൂർ (ജില്ല), കേരള.**
**പിൻകോഡ്: 670 511.**
**Ph: 04985–213999**

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും. NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.

Fundamental Knowledge of True Theology - Chapter : 26

# ക്രിസ്തുശാസ്ത്രം 4
# CHRISTOLOGY

അത്തരക്കാരെ അടക്കുന്നത് പൊതു ശ്മശാനത്തിലായിരുന്നു. അത്തരമൊരു ശവാടക്കമാണ് ക്രിസ്തുവിനും കൊടുക്കാൻ അധികാരികൾ ആഗ്രഹിച്ചിരുന്നത്. പക്ഷെ ദൈവം ക്രിസ്തുവിനെ അരിമഥ്യാക്കാരൻ ജോസഫിന്റെ കല്ലറയിൽ അടക്കുവാൻ തന്നെ തീരുമാനിച്ചു. മത്തായി 27-ലേക്ക് പോകാം. "സന്ധ്യയായപ്പോൾ അരമഥ്യാക്കാരനായ ജോസഫ് എന്ന ധനവാൻ താനും യേശുവിന്റെ ശിഷ്യനായിരിക്കയാൽ വന്ന് പീലാത്തോസിന്റെ അടുക്കൽ ചെന്ന് യേശുവിന്റെ ശരീരം ചോദിച്ചു. പീലാത്തോസ് അത് ഏല്പിച്ചുകൊടുക്കുവാൻ കല്പിച്ചു. ജോസഫ് ശരീരമെടുത്ത് നിർമ്മലശീലയിൽ പൊതിഞ്ഞ്, താൻ പാറയിൽ വെട്ടിച്ചിരുന്ന തന്റെ പുതിയ കല്ലറയിൽ വെച്ച് കല്ലറയുടെ വാതിൽക്കൽ ഒരു വലിയ കല്ല് ഉരുട്ടിവെച്ചിട്ട് പോയി. കല്ലറക്കെതിരെ മഗ്ദലക്കാരി മറിയയും മറ്റെ മറിയയും ഇരുന്നിരുന്നു" (മത്താ.27:57-61).

"അവന്റെ മരണത്തിൽ അവൻ സമ്പന്നന്മാരോടു കൂടിയായിരുന്നു" എന്ന പ്രവചനവും (യെശ.53:9) ജോസഫ് എന്ന ധനവാൻ എന്ന മത്താ.27:57-ലെ വചനവും ചേർത്ത് വായിച്ചാൽ ക്രിസ്തുവിന്റെ അടക്കവും പ്രവചനപ്രകാര മായിരുന്നു എന്നും അതു ധനവാന്മാർക്കിണങ്ങിയ വിധത്തിലായിരുന്നു എന്നും കാണുവാൻ കഴിയും, മാത്രമല്ല **ഒഴിഞ്ഞ കല്ലറ** എന്ന തലക്കെട്ടിന്റെ പ്രസക്തിയിലേക്ക് ചെന്നെത്തുകയും ചെയ്യാം.

നിക്കോദേമോസും, അരിമഥ്യാക്കാരൻ ജോസഫും യേശുവീന്റെ രഹസ്യശിഷ്യന്മാരിൽ പ്രധാനികളായിരുന്നു. അവർക്ക് അപ്പൊസ്തലന്മാരെപ്പോലെ ക്രിസ്തുവിനോട് ചേർന്ന് പ്രവർത്തിക്കുവാൻ ധൈര്യമുണ്ടായിരുന്നില്ല. എങ്കിലും അവർ ക്രസ്തുവിനോടുള്ള സ്നേഹത്തെ പ്രതി അവനെ ജോസഫിന്റെ കുടുംബ കല്ലറയിൽ തന്നെ സംസ്ക്കരിച്ചു.

എല്ലാ സുവിശേഷങ്ങളിലും ഈ രഹസ്യ ശിഷ്യനെ വർണ്ണിച്ചിട്ടുണ്ട്. യോഹന്നാൻ അപ്പൊസ്തലൻ എഴുതി: "അനന്തരം യഹൂദന്മാരെ പേടിച്ചിട്ട് രഹസ്യത്തിൽ, യേശുവിന്റെ ഒരു ശിഷ്യനായ അരിമഥ്യയിലെ ജോസഫ് യേശുവിന്റെ ശരീരം എടുത്തുകൊണ്ടുപോകുവാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചു; പീലാത്തോസ് അനുവദിക്കുകയാൽ അവൻ വന്ന് അവന്റെ ശരീരമെടുത്തു. ആദ്യം രാത്രിയിൽ അവന്റെ അടുക്കൽ വന്ന നിക്കോദേമോസും ഏകദേശം നൂറു റാത്തൽ മൂരും അകിലും കൊണ്ടുള്ള ഒരു കൂട്ടുകൊണ്ടുവന്നു. അവർ യേശുവിന്റെ ശരീരമെടുത്ത് യഹൂദന്മാർ ശവമടക്കുന്ന മര്യാദപ്രകാരം അതിനെ സുഗന്ധവർഗ്ഗത്തോടുകൂടെ ശീല പൊതിഞ്ഞുകെട്ടി. അവനെ ക്രൂശിച്ച സ്ഥലത്തുതന്നെ ഒരു തോട്ടവും ആ തോട്ടത്തിൽ മുമ്പെ ആരെയും വെച്ചിട്ടില്ലാത്ത പുതയൊരു കല്ലറയുമുണ്ടായിരുന്നു. ആ കല്ലറ സമീപമാകകൊണ്ട്, അവർ യഹൂദന്മാരുടെ ഒരുക്കനാൾ നിമിത്തം യേശുവിനെ അവിടെവെച്ചു" (യോഹ.19:38-42). മത്താ.27:57-ൽ അരിമഥ്യയിലെ ജോസഫ് എന്ന ധനവാൻ എന്ന് പറഞ്ഞിരിക്കുന്നു. മർക്കോ.15:42-ൽ



## Fundamental Knowledge of True Theology - Chapter : 26

# 4 ക്രിസ്തുശാസ്ത്രം CHRISTOLOGY

"വൈകുന്നേരമായപ്പോൾ ശബ്ബത്തിന്റെ തലേനാൾ ആയ ഒരുക്കനാൾ ആകകൊണ്ട് ശ്രേഷ്ഠമന്ത്രിയും ദൈവരാജ്യത്തെ കാത്തിരുന്നവനുമായ അരിമഥ്യയിലെ ജോസഫ് വന്ന് ധൈര്യത്തോടെ പീലാത്തോസിന്റെ അടുക്കൽ ചെന്ന് യേശുവിന്റെ ശരീരം ചോദിച്ചു. അവൻ മരിച്ചുകഴിഞ്ഞുവോ എന്ന് പീലാത്തോസ് ആശ്ചര്യപ്പെട്ട് ശതാധിപനെ വിളിച്ചു. അവൻ മരിച്ചിട്ട് ഒട്ടുനേരമായൊ എന്ന് ശതാധിപനോട് വസ്തുത ചോദിച്ചറിഞ്ഞിട്ട് ഉടൽ ജോസഫിന് നൽകി. അവനൊരു ശീല വാങ്ങി അവനെ ഇറക്കി ശീലയിൽ ചുറ്റിപ്പൊതിഞ്ഞ് പാറയിൽ വെട്ടിയിട്ടുള്ള കല്ലറയിൽ വെച്ചു; കല്ലറ വാതിൽക്കൽ ഒരു കല്ല് ഉരുട്ടിവെച്ചു. അവനെ വെച്ച ഇടം മഗ്ദലക്കാരി മറിയയും യോസെയുടെ അമ്മ മറിയയും നോക്കിക്കണ്ടു" (മർക്കോ.15:42-47). "അരിമഥ്യാ എന്നൊരു യഹൂദാപട്ടണക്കാരനായി നല്ലവനും നീതിമാനും ദൈവരാജ്യം കാത്തിരുന്നവനുമായ യോസേഫ് എന്നൊരു മന്ത്രി അവൻ അവരുടെ ആലോചനയ്ക്കും പ്രവൃത്തിക്കും അനുകൂലമല്ലായിരുന്നു - പീലാത്തോസിന്റെ അടുക്കൽ ചെന്ന് യേശുവിന്റെ ശരീരം ചോദിച്ചു. അത് ഇറക്കി ഒരു ശീലയിൽ പൊതിഞ്ഞ് പാറയിൽ വെട്ടിയിരുന്നതും ആരെയും ഒരിക്കലും വെച്ചിട്ടില്ലാത്തതുമായ കല്ലറയിൽ വെച്ചു. അന്ന് ഒരുക്കനാൾ ആയിരുന്നു. ശബ്ബത്തും ആരംഭിച്ചു. ഗലീലയിൽ നിന്ന് അവനോടുകൂടെ പോന്ന സ്ത്രീകളും പിന്നാലെ ചെന്ന് കല്ലറയിൽ അവന്റെ ശരീരം വെച്ച വിധവും കണ്ടിട്ട് മടങ്ങിപ്പോയി, സുഗന്ധവർഗ്ഗവും പരിമളതൈലവും ഒരുക്കി; കല്പനയനുസരിച്ച് ശബ്ബത്തിൽ സ്വസ്ഥമായിരുന്നു" (ലൂക്കോ.23:50-56).

### കല്ലറയുടെ കാവൽക്കാർ

മത്താ.27-ൽ 66-ാം വാക്യം "അവർ ചെന്ന് കല്ലിന് മുദ്ര വെച്ചു. കാവൽക്കൂട്ടത്തെ നിർത്തി കല്ലറ ഉറപ്പാക്കി" എന്നാണ്. ആ മുദ്ര വളരെ പ്രധാനപ്പെട്ട ഒന്നാണ്. റോമൻ ഗവൺമെന്റിന്റെ ശിക്ഷ അതിക്രൂരമായിരുന്നു. ഗവൺമെന്റ് വെച്ച മുദ്ര ആരെങ്കിലും പൊട്ടിച്ചാൽ അവരെ തല കീഴായി ക്രൂശിക്കുമായിരുന്നു. റോമൻ പട്ടാളം കല്ലറക്ക് കാവലുമുണ്ടായിരുന്നു.

"അവന്റെ ശിഷ്യന്മാർ രാത്രിയിൽ വന്ന്

## നടുവേദനയ്ക്കും കാലുവേദനയ്ക്കും സൗഖ്യം



ഞാൻ രാധ. രണ്ടു വർഷമായി ശക്തമായ നടുവേദനയും കാലുവേദനയും മൂലം ഞാൻ ക്ലേശിക്കുകയായിരുന്നു. ഞങ്ങൾ ബോംബെയിൽ (നവി മുംബൈ) സെറ്റിൽഡ് ആയിരുന്നു. കഴിഞ്ഞ രണ്ടാം ശനിയാഴ്ചയാണ് ഞാനാദ്യമായി ദേവസ്യാ മുല്ലക്കരാ സാറിന്റെ പ്രാർത്ഥനാ ശുശ്രൂഷയിൽ തിരുവല്ലായിൽവെച്ച് പങ്കെടുത്തത്. അത്ഭുതമെന്നു പറയട്ടെ എന്റെ രോഗങ്ങൾക്ക് എനിക്ക് വലിയ ആശ്വാസം ലഭിച്ചിരിക്കുന്നു. എന്റെ ദൈവം എനിക്ക് സമ്പൂർണ്ണ സൗഖ്യം തരുമെന്ന് ഞാൻ മനസ്സിലാക്കിയിരിക്കുന്നു. യേശു മരിച്ചു പോയ ദൈവമല്ല, മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്ന ദൈവമാണെന്ന് ഞാൻ ഉറപ്പായി വിശ്വസിക്കുന്നു. അവൻ ജീവിച്ചിരിക്കുന്നതുകൊണ്ട് എന്ത് ചോദിച്ചാലും തരുമെന്ന് ഞാൻ തിരിച്ചറിഞ്ഞിരിക്കുന്നു. എനിക്ക് വേണ്ടി പ്രാർത്ഥിച്ച സാറിനും കൂട്ടായ്മയ്ക്കും ദൈവനാമത്തിൽ നന്ദി. ദൈവത്തിനൊരായിരം നന്ദി.

രാധ
പുതിയവിള
Ph: 8592862881

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ: ആന്റണി.പി.ആർ**
Ph:9388689735
**ചേർത്തല**
സെന്റ് ആന്റണീസ് ബിൽഡിംഗ്, മനോരമ ജംഗ്ഷൻ, നോർത്ത് വയലാർ റോഡ്
ഞായർ: 10.00 am- 1pm (ആരാധന)



**പാ.സി.വി.ഏലിയാസ്**
Ph:9495272708
**പിറവം**
അറ്റ്‌ലാന്റിക് ബിൽഡിംഗ്
മൈത്രി മാർക്കറ്റിനടുത്ത്
കരോട്ടക്കുരിശ്
ഞായർ:10.00 am- 1.00 pm(ആരാധന)

**പെരുവ**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം, കുന്നപ്പള്ളി
ഞായർ: 2.00 pm- 5.00 pm (ആരാധന) Ph:9495272708

## കോട്ടയം ജില്ല



**പാ:ടോമിച്ചൻ വട്ടപ്പാറയിൽ**
Ph:9744655214
**കോട്ടയം** I M A ഹാൾ
ഡി.സി. ബുക്സിനു സമീപം
ലോഗോസ് ജംഗ്ഷൻ
ഞായർ:9 am - 1 pm (ആരാധന)
ബുധൻ 9 pm to 4 am നൈറ്റ് വിജിൽ (പുരുഷന്മാർ)

**പാലാ** വ്യാപാര ഭവൻ
ഞായർ: 2.00 pm - 5.00 pm (ആരാധന)
**വയല** വെള്ളി: 7.00 pm - 9.00 pm
ഭവന കൂട്ടായ്മ

**മെഡിക്കൽ കോളേജ്**
കോട്ടയം മെഡിക്കൽ കോളേജിനടുത്ത്
യൂണിറ്റി ബിൽഡിംഗ്, ഒന്നാംനില,
ചൊവ്വാ 10 am to 1pm (ഉപവാസ പ്രാർത്ഥന)
വെള്ളി 10 am to 1pm (ഉപവാസ പ്രാർത്ഥന)
**വാഴൂർ** ബുധൻ 10 am to 1 pm
വ്യാഴം 6 pm to 10 pm (പുരുഷന്മാർ)
**പാലാ** ടോംസ് ഓഡിറ്റോറിയം
വെള്ളി 2 pm to 5 pm (ബൈബിൾ ക്ലാസ്)
**മണർകാട്** ശനി 6 pm 9 pm (കൂട്ടായ്മ)
ബുധൻ 6 pm to 8 pm



**പാ: സജി മാന്താറ്റിൽ**
Ph:9447370460
**തലയോലപ്പറമ്പ്**
പഴയകടവിൽ ബിൽഡിംഗ്
ഞായർ: 10 am- 1 pm (ആരാധന)



**പാ:ടോണി സിറിയക്**
Ph:9388608345,
9400502442
**മുണ്ടക്കയം**
അത്യാലിൽ പ്ലാസ,
മൂന്നാം നില



പാ:രാജു ഐസക്
9744756060

ഞായർ: 9.30 am to 2pm(ആരാധന)
വെള്ളി: 10 am to 1 pm (ഉപവാസപ്രാർത്ഥന)
**വിമ്പിള്ളി** (ഭവന കൂട്ടായ്മ)ബുധൻ: 10 am-1 pm
**പനക്കച്ചിറ** (ഭവന കൂട്ടായ്മ) ബുധൻ:2pm - 5pm



**പാ:അപ്പച്ചൻ**
ph : 9400259087
**എരുമേലി**
റോട്ടറി ക്ലബ്ബ്
ഞായർ: 10 am to 1pm (ആരാധന)

**പാ. മാനുവൽ അള്ളുംപുറത്ത്**



Mob: 9495723836
**ഈരാറ്റുപേട്ട**
പഴയപറമ്പിൽ റസിഡൻസി
കോൺഫ്രൻസ് ഹാൾ
K.S.R.T.C ബസ്സ്റ്റാൻഡിന് സമീപം
(കാഞ്ഞിരപ്പള്ളി റൂട്ട് തെക്കേക്കര)
ഞായർ: 10 am to 1pm (ആരാധന)

ചൊവ്വ, വ്യാഴം ദിവസങ്ങളിൽ പുരുഷകൂട്ടായ്മ 6 pm to 8 pm
ചർച്ച് ഹാളിനു സമീപമുള്ള പാസ്റ്ററുടെ ഭവനത്തിൽ
ബുധൻ, ശനി ഭവനകൂട്ടായ്മ 11 am to 2 am



**പാ. സിബിച്ചൻ മലയിക്കൽ**
Mob: 9947260420
**ഏറ്റുമാനൂർ**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ,
(K.S.R.T.C ബസ്സ്റ്റാന്റിനുസമീപം)
ഞായർ: 9am to 1 pm (ആരാധന)
ബുധൻ 10.00 am – 3.00 pm
(ഉപവാസ പ്രാർത്ഥന)
ആത്മാഭിഷേകം വർഷിപ്പ് സെന്റർ,
(K.S.R.T.C ബസ്സ്റ്റാന്റിനുസമീപം)

**കുറുപ്പുംതറ**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ,
S.H.കോളേജ് (ജറീക്കോ പ്രാർത്ഥനാലയത്തിനടുത്ത്)
ഞായർ: 3.00 pm to 6.00 pm (ആരാധന)
**പട്ടിത്താനം കവല**
ഞായർ: 6.00 pm to 9.00 pm (ആരാധന)
**കൂത്താട്ടുകുളം**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം
**നീണ്ടൂർ** (മാഞ്ഞൂർ) മാന്താറ്റിൽ സജി ഭവനം
വ്യാഴം 5.00 pm to 8.00 pm (പ്രാർത്ഥന)
**കടുത്തുരുത്തി**
നന്ദാവനം ബിൽഡിംഗ്, മാർക്കറ്റ്ജംഗ്ഷൻ
വെള്ളി 10 am to 1.00 pm (ഉപവാസപ്രാർത്ഥന)
ശനി 6.00 pm to 9.00 pm (പുരുഷകൂട്ടായ്മ)
**പുന്നത്തറ കവല**
അഡ്വ. സിജെ. ജോസഫ്ഭവനം. വെള്ളി 6 pm to 8.30 pm



**പാ. സണ്ണി മുണ്ടക്കയം**
Mob:9400931331
**കൂത്താട്ടുകുളം**
ബാപ്പുജി സ്കൂൾ
ഓഡിറ്റോറിയം
ഞായർ:10 am to 1pm(ആരാധന)



**പാ. സണ്ണി കല്ലറ**
Mob:9747162519,
9946122890
**കടുത്തുരുത്തി**
നന്ദാവനം ബിൽഡിംഗ്
ഞായർ:10am to 1pm(ആരാധന)



**പാ: സൈമൺ കെ. ഡാനിയേൽ**
Mob:9387841020
**കറുകച്ചാൽ**
വ്യാപാര ഭവൻ,
കോൺഫ്രൻസ് ഹാൾ
ഞായർ: 10 am to 1pm (ആരാധന)
വെള്ളി:10 am to 1pm
(ഉപവാസ പ്രാർത്ഥന)
**പുതുപ്പള്ളി,** ചൊവ്വ 6 pm to 9 pm (പ്രാർത്ഥന)
**മാമ്മൂട്,** ബുധൻ: 10 am to 1 pm (പ്രാർത്ഥന)





Mrs.&Mr.
**വിസി.മാത്യു**(പാസ്റ്റർ)
(ജോയിച്ചൻ
വണ്ടനാനിക്കൽ)
Mob: 9048222384

**പൊൻകുന്നം** പെൻഷൻ ഭവൻ
(ഭാരത് പെട്രോൾ പമ്പിന് എതിർവശം)
ഞായർ: 10.00 am 1.00 pm(ആരാധന)
ഞായർ 9 am 10 am(കുട്ടികൾക്കായുള്ള വേദപഠനം)
എല്ലാ ചൊവ്വാഴ്ചകളിലും 10 am 1pm (ഭവന കൂട്ടായ്മ)
എല്ലാ ബുധനാഴ്ചകളിലും 10 am 1 pm (ഭവന കൂട്ടായ്മ)
എല്ലാ വ്യാഴാഴ്ചകളിലും 10 am 1 pm (ഭവന കൂട്ടായ്മ)
വെള്ളി 7 pm 12 pm (ജാഗരണ പ്രാർത്ഥന)



**ചങ്ങനാശ്ശേരി**
**പാ:രാജു അബ്രഹാം**
Ph:8891058885
YWCA ഓഡിറ്റോറിയം
ഞായർ: 10.00 am to 1.00 pm (ആരാധന)

## ഇടുക്കി ജില്ല



**പാ: ബിജു പി.സാം**
Mob: 9495876219,
9744741907
**അടിമാലി**
വ്യാപാരഭവൻ
ഞായർ 10 am-1pm (ആരാധന)
**പഴംപള്ളിച്ചാൽ**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ
വായനശാലയ്ക്ക് സമീപം
ഞായർ 7 am -9.30 am (ആരാധന)
**കരിപ്പലങ്ങാട്** ബാബു ഭവനം
1ാം വ്യാഴം 10.00 am- 1.00 pm(പ്രാർത്ഥന)
**മുക്കാലേക്കർ** എസ്തപ്പാൻ ഭവനം
2ാം വ്യാഴം 10.00 am- 1.00 pm
**ചാറ്റുപാറ** സേവ്യർ ഭവനം.
1ാം വെള്ളി 10.00 am- 1.00 pm (പ്രാർത്ഥന)
**പണിക്കൻകുടി** ജനകൻ ഭവനം
2ാം വെള്ളി 10.00 am- 1.00 pm (പ്രാർത്ഥന)
**കുഞ്ചിത്തണ്ണി** (20 ഏക്കർ) തോമസ് ഭവനം
3ാം വെള്ളി 10.00 am- 1.00 pm (പ്രാർത്ഥന)
**200ഏക്കർ** പാസ്റ്റർ ഭവനം
4ാം വെള്ളി 10.00 am- 3.00 pm
ഇടുക്കി ജില്ലയിലെ പാസ്റ്റർമാരും വിശ്വാസികളും കൂടിയുള്ള ഉപവാസപ്രാർത്ഥന.
**ചെങ്കുളം** പീറ്റർ ഭവനം
ശനി 10 am- 1.00 pm (ബൈബിൾക്ലാസ്സ്)
**മാങ്കുളം(വിരിപാറ)** വെട്ടിക്കാപ്പിള്ളി ഭവനം
വെള്ളി 6 pm- 9.30 pm (പ്രാർത്ഥന)
**മില്ലുംപടി** പാസ്റ്റർഭവനം
ശനി 7.00 am- 10.00 am (ബൈബിൾ പഠനം)



**പാ:ജോസഫ് വി.റ്റി**
(രാജു മുണ്ടക്കയം)
Ph:9446379625, 9747499619
**തൊടുപുഴ**
മാരിയിൽ ടവർ ബിൽഡിംഗ്
2nd floor, Near civil station
ഞായർ: 10 am- 1 pm (ആരാധന)



**പാ.സിറിൾ**
Mob: 9400333164
**കട്ടപ്പന**
ഒന്നാം നില,
കൊച്ചുകുടിയിൽ
ബിൽഡിംഗ്
KSEB ക്ക് സമീപം.
ഞായർ 10 am- 1pm (ആരാധന)



**പാ:സാജു**
Mob:9447981274
**ചേലച്ചുവട്**
ആത്മാഭിഷേകം വർഷിപ്പ്സെന്റർ
Opp. വ്യാപാരഭവൻ
ഞായർ 10 am to 1pm (ആരാധന)

## പത്തനംതിട്ട ജില്ല





**തിരുവല്ല**
Mrs.& Mr.
**യേശുദാസ് പുളിക്കൽ**
(പാസ്റ്റർ)
Ph: 9446745148
ആത്മാഭിഷേകം സഭാഹാൾ,
മഞ്ഞാടി, ആമല്ലൂർ റോഡ്
ഞായർ: 10.00 am- 1.00 pm (ആരാധന)
വെള്ളി: 10 am -1pm ഉപവാസ പ്രാർത്ഥന
ശനി: 10 am -3 pm കൗൺസിലിംഗ്

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ:സി.വി. ജോസ്സി**
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)
ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)



**പാ. ബിനോജ്**
Mob: 9539769595
**അടൂർ**
opp. കച്ചേരി മാർക്കറ്റ്
ഞായർ: 10 am to 1 pm (ആരാധന)

## ആലപ്പുഴ ജില്ല



**പാ:ബിജു**
Mob:9447116820
**ആലപ്പുഴ**
YWCA ഹാൾ
Near വഴിച്ചേരിജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)
സൺഡേസ്കൂൾ:
എല്ലാ ഞായറാഴ്ചയും 12.30 pm

**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും
(ഉപവാസപ്രാർത്ഥന) 10 am

**ഹരിപ്പാട്**
സബ് റെജിസ്ട്രാർ ഓഫീസ്
ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി ദിവസങ്ങളിൽ 10 am to 3 pm
(ബൈബിൾക്ലാസ്)

**കായംകുളം**
വൈ.എം.സി.എ ഗോൾഡൻ ജൂബിലി, ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ:
എല്ലാ ശനിയാഴ്ചയും 12.30 pm

**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം, വില്ലേജ് ഓഫീസ് റോഡ്
(കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm

## കൊല്ലം ജില്ല



**പാ:ജോസ് മാത്യു**
Ph: 9847872731,
9946586728
**കൊല്ലം**

**YMCA ഹാൾ, ചിന്നക്കട,**
റെയിൽവെ ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി**
YMCA ഹാൾ,
Ph:9847872731, 9946586728
ചൊവ്വ: 10 am to 1 pm (ഉപവാസപ്രാർത്ഥന)

**പൂയപ്പള്ളി**
കിഴക്കിടത്ത് ബിൽഡിംഗ്
Ph:9847872731, 9946586728
വെള്ളി: 10 am to 1 pm (ഉപവാസപ്രാർത്ഥന)

ഭവന കൂട്ടായ്മകൾ: -

ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലും മൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
പരവൂർ 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
കൊട്ടിയം 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
പൂതക്കുളം 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
കുളപ്പില 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
നല്ലില 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm



**പാ.കെ.സി ദേവസ്യാ (ദാസ്)**
Mob:9633227925
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം
opp.ജനത ഹോസ്പിറ്റൽ
ഞായർ : 10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞകൽ ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി **നെടുമൺകാവ്** രാധാമണിഭവനം 3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ, വൽസലാമ്മഭവനം 3 pm to 5 pm
നാലാം ശനി **കൂടൽ** മണി ഭവനം
3 pm to 5 pm



**പാ:ബിജു സ്കറിയ കുണ്ടറ**
Mob:9447248425
**പുനലൂർ**
എം.ജെ.എസ്. ടൂറിസ്റ്റ് ഹോം (Opp. Market)
ഞായർ:10.00 am to 1.00 pm (ആരാധന)
എല്ലാ വെള്ളിയാഴ്ചയും(ഉപവാസപ്രാർത്ഥന) 10 am to 1 pm
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും (പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ ഓഡിറ്റോറിയം 3.00 pm - 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ**

## തിരുവനന്തപുരം ജില്ല



**പാസ്റ്റർ:ജോർജ്ജ് തോമസ് കുടിപ്പാറ**
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ
ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA ഹാൾ 10.30 am-12.30 pm തൊഴുക്കൽ.
നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30 pm), 4-ാം ഞായർ (12.30 pm to 1 pm)

പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ 12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm
**പൂവ്വാർ,** ബെഥേൽ ഭവനം പ്രയർ ഹാൾ, പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
**കാട്ടാക്കട,** അംബികാ ഭവനം എല്ലാ ശനിയാഴ്ചയും 10 am to 1pm (ആരാധന)

കുടുംബ കൂട്ടായ്മകൾ:-

**വലിയതുറ,** 1-ാം ചൊവ്വ മാത്യൂസ് ഭവനം 5.30 pm
**ആന്നാട്,** 2-ാം ചൊവ്വ ബാബുഭവനം 10.30 am
**ചന്തവിള** 3-ാം ചൊവ്വ സാംബശിവൻ ഭവനം 6.00 pm
**കുടപ്പനക്കുന്ന്,** 4-ാം ചൊവ്വ ശശിഭവനം 6.30 pm
**മുട്ടട,** ആത്മാഭിഷേകം ഓഫീസ്
എല്ലാ ബുധനാഴ്ചയും
ഉപവാസ പ്രാർത്ഥന.10.30 am
**L.M.S.Nagar,** എല്ലാ വെള്ളിയാഴ്ചയും ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
**ഊരുട്ടമ്പലം,** 1-ാം ബുധൻ ചിനിവിള ജോർജ്ജ് 5 pm
**വലിയവിള,** 2-ാം ബുധൻ ജയചന്ദ്രൻ ഭവനം 4.30 pm
**കരമന,** 3-ാം ബുധൻ ശാന്തഭവനം 3 pm 3-ാം ബുധൻ ജോർജ്ജ് ഫിലിപ്പ് ഭവനം 5.00pm
**കിളളി,** 4-ാം ബുധൻ ബിജുഭവനം 6 pm
**വെങ്ങാന്നൂർ,** 1-ാം വ്യാഴം ജസ്റ്റസ് ഭവനം 5 pm
**ഉദിയൻകുളങ്ങര,** 2-ാം വ്യാഴം ശശിഭവനം 4.30 pm
**പേരൂർക്കട,** 2-ാം വ്യാഴം സാവിത്രിഭവനം 10.30am
**ഞണ്ടൂർകോണം** 3-ാം വ്യാഴം ആന്റണി ഭവനം 4.30 pm
**കുറ്റ്യാനി,** 4-ാം വ്യാഴം രാജൻ ഭവനം 4.30pm
**മരുതൂർ,** 1-ാം ശനി സദാശിവൻ ഭവനം 5.30 pm
**സന്തോഷ് നഗർ,** 2-ാം ശനി മുരളിസാർ ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
**നെട്ടയം,** 3-ാം ശനി ജോർജ്ജ് ഭവനം 5.30 pm, **പാറോട്ട്കോണം,** 4-ാം ശനി മനോജ് ഭവനം 5.30 pm



**പാസ്റ്റർ വിനു നടയ്ക്കൽ**
Mob: 9744569559
**പാറശാല**
ആത്മാഭിഷേകംവർഷിപ്പ് സെന്റർ (ഷീലാ കോട്ടേജ് റെയിൽവെപാലത്തിന് സമീപം, കാരക്കോണം റൂട്ട്)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട,** ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള,** എസ്ഥേർഭവനം
രണ്ടാം ശനി 2 pm to to 4 pm (ആരാധന)

## OUR CHURCHES OUT OF KERALA



**Rev. Raj Mohan**
Ph: 09958328119,
07838681789

### DELHI

Delhi - Athmabhishekam prayer hall
Plot no: 11. Nawada housing complex
Near metro pillar no: 786
and Dwaraka mor Red light
Dwaraka mor (Metro) NewDelhi-59
Sunday First service for Healing & Deliverance
8 am to 9.30 am
Sunday school- 9am - 10am
Worship (Main Service ) 10am-1pm (Hindi & Malayalam)
English Service 3.30 pm to 5 pm
Tuesday- 6pm-8.30pm. Mohan Garden (Hindi)
Wednesday - 6.30pm- 9pm. Bible study (malayalam)
At Athmabhishekam prayer hall
Thursday- 6pm-8pm. Delhi Cantt. (Malayalam)
Friday- Palam-Rajnagar II-6.30pm-8pm. (Hindi)
10am- 1.00pm - Fasting Prayer. Fasting prayer
At Athmabhishekam prayer hall
Saturday-R.R Hospital (Army church) 4.30pm-6.30pm (Hindi)
Every second saturday- 9am - 2pm-Youth Meeting
At Athmabhishekam prayer hall
Every friday 9am - Full Night Prayer

### MAHARASHTRA (Kamothe)



**Pr. Stanley**
Ph: 9447374860
9847786950
Navi Mumbai
Athmabhishekam
Worship Centre
Sushmapatil School& Junior College.
Kamothe Sector 11.Near Manasorowar.
Sunday Worship 10 am-1pm







Mrs. & Mr. Samachen (Pastor)
Mob: 09737930414

Sr. Cicily

### GUJARAT

09904422339, 08460985339
Sunday Worship 10 am- 1 pm

### Karnataka



Pr. Abraham

(MANGALORE DT.)
MOODUBIDRI
Seldhana compound
Near Forest Office
Moodubidri
Ph: 9947267701

### CHENNAI





Pr.Tony Cyriac
Ph:9400502442

Pr.Raju Issac
Ph:9400502442

Grace Matriculation School
Near Hot Chips Bus Stop & Shanthi
Colony Road,No. 4, L Block, 12th main
Road. Ist Street, Anna Nagar
Sunday Worship 10.00 am - 1.00 am

### Coimbatore (Pothannur)





Mrs. & Mr.
Wilson (Pastor)
Ph:
09585290142

M.G.Community Hall, Opp. Railway
Hospital. Sunday Worship 10 am - 1 pm

**Selem** Ammini Home
Ranganadar Street
Worship: Tuesday 10 am to 2 pm
Ph: 9443820626

## FELLOWSHIPS IN ABROAD

### KUWAIT



Pr. Sojan
Zacharias

Ph: 0096597711237
N E C K Kuwait City
Church Auditorium
(Monday, 7.00 pm- 9.30 pm)

### SALMIYA(KUWAIT)

Pr. Sabu Francis
Ph: 00965 97711267



**Friday
9 am to
12 noon**

**Caesar's Travel &
Tourism Basement**

Dr. Viji
Ph:0096566394954



**English
worship
(Friday)
6.30 pm
to 9 pm**

**Indian
PublicSchool**

### YEMEN(SANA)



Pr.Lal Kumar R
Ph:00967777741554

Friday 9.30 am to 12.30 pm
at Athmabhishekam Worship
Center,
Near Kuwait Hospital, Sana'a.
Thursday 5 pm to 7 pm
at Athmabhishekam Worship
Center,
Near Kuwait Hospital, Sana'a
And Athmabishekam worship
center,
Safia.Sana'a
Sunday
prayer 5pm to 6.30pm at
Kuwait Hospital and
Saudi German Hospital. sana'a.

### UAE Sharja

Pr.Jiji
Ph:00971503631158



Friday
10 am to
12.30 noon
Praise and
Worship

### ABBASSIYA (KUWAIT)



Pr.Samson
Ph: 00965 66311234
ACE Hall, Near Subway
Friday 9 am to 12.30pm

### MANGAF (KUWAIT)



Pr. jomon
00965-
97207125
**Friday 9 am to 12 noon**

### MAHBULA (KUWAIT)

**Saturday
7 pm to 9 pm**





Pr.Tomy Mannoor
Ph:0096596035928
&
Pr.Sojan Abraham
0096566775306

### FORWANIA (KUWAIT)





Pr. Sojan & Br.Jijo
Ph: 00965 97711237
00965 66970496
**Friday 7 Pm to9 PM**

### CANADA



**908-1585
Ernest Ave**

Pr. Dollet Zacharia
Ph: 0012262241417

### AMERICA



Dallas,
Taxas
Pr. Praveen
0015166663840

### AUSTRALIA



Pr. Deepu
0061448544652

# CHURCH OF ETERNITY
# CENTRAL MINISTRY


Rev. Devasia Mullakara


Pr. Sam Saravan
PH : 08489261474


Pr.Radhakrishnan
PH : 8086425080


Associate pastor P.D Mathew
PH : 9961066460


Pr.Ramesan


Youth Pastor Sarath Mohan


Br.Jobi


Br.Sabu



Br.Rahul


Br.Prince


Br.Shon


Br.Justin

**24 x 7 Prayer Line** **9495932106 , 9447715159** പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക




Visit Our Official Website

Like Our Facebook Page







**ഹാർവെസ്റ്റ്, പവർവിഷൻ,ട്രംപറ്റ് എന്നീ ചാനലുകളിൽ വരുന്ന ആത്മാഭിഷേകം എപ്പിസോഡുകൾ സ്പോൺസർ ചെയ്യുവാൻ ദൈവാലോചന ലഭിക്കുന്നവർ ദയവായി ബന്ധപ്പെടുക.**

**9947955111 (ദേവസ്യാ മുല്ലക്കരസാർ)**

(രാവിലെ 7 മുതൽ 9 വരെ)




(15-ാം പേജിൽ നിന്നും തുടർച്ച)

ഞങ്ങളുറങ്ങുമ്പോൾ അവനെ കട്ടുകൊണ്ടുപോയി'' (മത്താ.28:13) എന്നതൊക്കെ വലിയ നുണകളാണ്.യേശു തന്നെയും പറഞ്ഞതാണ്, മൂന്നാം ദിവസം താൻ ഉയിർത്തെഴുന്നേൽക്കുമെന്ന്. അപ്പോൾ ക്രിസ്തു ഉയിർത്ത താണെന്ന് അറിയാവുന്ന കാവൽക്കാർ പിശാചിന്റെ പക്ഷം ചേർന്ന് ക്രിസ്തു ഉയിർത്തിട്ടില്ലെന്ന് വരുത്താൻവേണ്ടി ഓരോന്ന് പറഞ്ഞെന്ന് മാത്രം. കാവൽക്കാർ ഷിഫ്റ്റായിട്ടാ യിരിക്കും കാവൽ നിന്നത്.

## കല്ലറ വാതിൽക്കലെ കല്ല് എങ്ങനെ മാറി?

മത്താ.28-ൽ 1-10 വരെയുള്ള വചനങ്ങൾ കുറിയ്ക്കാം. "ശബ്ബത്ത് കഴിഞ്ഞ് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം വെളുക്കുമ്പോൾ മഗ്ദലക്കാരത്തി മറിയയും മറ്റേ മറിയയും കല്ലറ കാണ്മാൻ ചെന്നു. പെട്ടെന്ന് വലിയൊരു ഭൂകമ്പം ഉണ്ടായി; കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന് കല്ല് ഉരുട്ടിനീക്കി അതിന്മേൽ ഇരുന്നിരുന്നു. അവന്റെ രൂപം മിന്നലിന് ഒത്തതും അവന്റെ ഉടുപ്പ് ഹിമം പോലെ വെളുത്തതുമായിരുന്നു. കാവൽക്കാർ അവനെകണ്ട് പേടിച്ചുവിറച്ച് മരിച്ചവരെ പോലെ ആയി. ദൂതൻ സ്ത്രീകളോട്: ഭയപ്പെടേണ്ട; ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാനറിയുന്നു; അവൻ ഇവിടെ ഇല്ല; താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു; അവൻ കിടന്ന സ്ഥലം വന്ന് കാണ്മിൻ. അവൻ മരിച്ചവരുടെ ഇടയിൽ നിന്നുയിർത്തെഴുന്നേറ്റു എന്ന് വേഗം ചെന്ന്, അവന്റെ ശിഷ്യന്മാരോട് പറവീൻ; അവൻ നിങ്ങൾക്കുമുമ്പേ, ഗലീലയ്ക്ക് പോകുന്നു; അവിടെ നിങ്ങൾ അവനെ കാണും; ഞാൻ നിങ്ങളോട് പറഞ്ഞിരിക്കുന്നു എന്നു പറഞ്ഞു. അങ്ങനെ അവർ വേഗത്തിൽ ഭയത്തോടും മഹാസന്തോഷത്തോടും കൂടി കല്ലറ വിട്ട് അവന്റെ ശിഷ്യന്മാരോട് അറിയിപ്പാൻ ഓടിപ്പോയി. എന്നാൽ യേശു അവരെ എതിരേറ്റ്: നിങ്ങൾക്ക് വന്ദനം എന്നു പറഞ്ഞു; അവർ അടുത്തുചെന്ന് അവന്റെ കാൽ പിടിച്ച് അവനെ നമസ്ക്കരിച്ചു. യേശു അവരോട്: ഭയപ്പെടേണ്ട, നിങ്ങൾ

## മോണയിലെ ട്യൂമർ സൗഖ്യമായി



2014-ൽ ഞാൻ ഏഴാം ക്ലാസ്സിൽ പഠിക്കുന്ന സമയം പല്ലിന് കമ്പിയിടാൻ ഡോക്ടറെ കാണാൻ ചെന്നതായിരുന്നു. അപ്പോഴാണ് എന്റെ മോണയിൽ ട്യൂമറുള്ളതായി കണ്ടെത്തിയത്. ഞങ്ങൾ വളരെ ഭാരത്തിലായി. യാതൊരു ആശ്വാസവുമില്ലാതെ വേദനിച്ചിരിക്കുമ്പോഴാണ് യേശുവിന്റെ നാമത്തിൽ അത്ഭുതരോഗശാന്തി പ്രാർത്ഥന നടത്തുന്ന ദേവസ്യാ മുല്ലക്കര സാറിനെക്കുറിച്ചറിഞ്ഞത്. ഞങ്ങൾ സാറിനെ ഫോണിൽ വിളിച്ചപ്പോൾ എരുമേലിയിൽ പ്രാർത്ഥന നടക്കുന്നതായി അറിഞ്ഞ് ഞങ്ങൾ ഉടൻ അങ്ങോട്ട് പുറപ്പെടുകയും സാറിനെക്കൊണ്ട് പ്രാർത്ഥിപ്പിക്കുകയും ചെയ്തു. തുടർന്ന് ഡോക്ടറെ കണ്ടപ്പോൾ പേടിക്കാനൊന്നുമില്ല, ഇത് വേഗം സൗഖ്യമാവുമെന്ന് പറയുകയും ചെയ്തു. ഇപ്പോൾ യാതൊരു ചികിത്സയുമില്ല. പരിപൂർണ്ണമായും സുഖപ്പെട്ടിരിക്കുന്നു. ഇത് ദൈവത്താലാണ് സംഭവിച്ചതെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. അവന്റെ അടിപ്പിണരിനാൽ നമുക്ക് സൗഖ്യം എന്ന വചനം എത്ര യാഥാർത്ഥ്യം. സൗഖ്യമാക്കിയ ദൈവത്തിന് ആയിരം നന്ദി, സ്തുതി........

അശ്വതി
പാപ്പനംകോട്
തിരുവനന്തപുരം
Ph: 9995794620

## Fundamental Knowledge of True Theology - Chapter : 26

# ക്രിസ്തുശാസ്ത്രം 4
## CHRISTOLOGY

പോയി എന്റെ സഹോദരന്മാരോട് ഗലീലയ്ക്ക് പോകുവാൻ പറവിൻ. അവിടെ അവർ എന്നെ കാണും എന്നു പറഞ്ഞു."

രണ്ട് മറിയമാരും കല്ലറവാതിൽക്കൽ എത്തിയപ്പോൾ നാം വായിച്ചതുപോലെ ഭൂകമ്പമുണ്ടായി. കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന് കല്ലുരുട്ടി മാറ്റുകയായിരുന്നു. മർക്കോ.16-ൽ 1-8 വരെ വചനങ്ങൾ കുറിയ്ക്കാം. "ശബ്ബത്ത് കഴിഞ്ഞശേഷം മഗ്ദലക്കാരത്തി മറിയയും യാക്കോബിന്റെ അമ്മ മറിയയും ശലോമയും ചെന്ന് അവനെ പൂശേണ്ടതിന് സുഗന്ധവർഗ്ഗം വാങ്ങി. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതികാലത്ത് സൂര്യനുദിച്ചപ്പോൾ അവർ കല്ലറയ്ക്കൽ ചെന്നു. കല്ലറയുടെ വാതിൽക്കൽ നിന്ന് നമുക്കുവേണ്ടി ആർ കല്ലുരുട്ടിക്കളയും എന്നു തമ്മിൽ പറഞ്ഞു: അവർ നോക്കിയാറെ കല്ലുരുട്ടിക്കളഞ്ഞതായി കണ്ടു. അതേറ്റവും വലുതായിരുന്നു. അവർ കല്ലറക്ക് അകത്തു കടന്നപ്പോൾ വെള്ള നിലയങ്കി ധരിച്ച ഒരു ബാല്യക്കാരൻ വലതുഭാഗത്ത് ഇരിക്കുന്നത് കണ്ട് ഭ്രമിച്ചു. അവൻ അവരോട് ഭ്രമിക്കേണ്ട, ക്രൂശിക്കപ്പെട്ട നസ്രായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു; അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വെച്ച സ്ഥലമിതാ. നിങ്ങൾ പോയി അവന്റെ ശിഷ്യന്മാരോടും പത്രൊസിനോടും: അവൻ നിങ്ങൾക്കുമുമ്പേ ഗലീലയ്ക്ക് പോകുന്നു എന്നു പറവീൻ. അവൻ നിങ്ങളോടു പറഞ്ഞതുപോലെ അവിടെ അവനെ കാണും എന്നു പറവിൻ എന്നു പറഞ്ഞു. അവർക്ക് വിറയലും ഭ്രമവും പിടിച്ച് അവർ കല്ലറ വിട്ട് ഓടിപ്പോയി. അവർ ഭയപ്പെടുകയാൽ ആരോടും ഒന്നും പറഞ്ഞില്ല." അതുപോലെ തന്നെ ലൂക്കോസ് 24:2-ൽ "കല്ലറയിൽ നിന്ന് കല്ലുരുട്ടിക്കളഞ്ഞതായി കണ്ടു" എന്നും നാം കാണുന്നു.

യോഹന്നാന്റെ സുവിശേഷം 20-ാം അദ്ധ്യായത്തിലെ പ്രസക്ത ഭാഗം കുറിയ്ക്കാം. "ആഴ്ചവട്ടത്തിൽ ഒന്നാം നാൾ മഗ്ദലക്കാരത്തി മറിയ രാവിലെ ഇരുട്ടുള്ളപ്പോൾ തന്നെ കല്ലറയ്ക്കൽ ചെന്ന്, കല്ലറവായ്ക്കൽ നിന്ന് കല്ലു നീങ്ങിയിരിക്കുന്നതു കണ്ടു.

# ഓസ്റ്റിയോ ആർത്രൈറ്റിസ് സൗഖ്യമായി



എന്റെ പേര് ലൈസമ്മ. പാലായിലാണ് താമസിക്കുന്നത്. ഏകദേശം 4 വർഷത്തോളമായി എന്റെ കൈകാലുകളുടെ ജോയിന്റിന് ഓസ്റ്റിയോ ആർത്രൈറ്റിസ് എന്ന രോഗത്താൽ ഞാൻ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയായിരുന്നു. അനേകം ചികിത്സകൾ എല്ലാം നടത്തിയെങ്കിലും കാര്യമായ ഒരു ഗുണവും ഉണ്ടായില്ല. ദൈവത്തിൽതന്നെ ഞാൻ ശരണപ്പെട്ടു. ഞങ്ങൾ ദേവസ്യാമുല്ലക്കരസാർ നേതൃത്വം കൊടുക്കുന്ന പാലാ ചർച്ച് ഓഫ് ഇറ്റേണിറ്റിയിൽ പ്രാർത്ഥനയ്ക്ക് പോകുന്നുണ്ട്. ബഹുമാനപ്പെട്ട ടോമിച്ചൻ പാസ്റ്ററാണ് അവിടെ ശുശ്രൂഷകൾ നയിക്കുന്നത്. കുറച്ച് വൈകിയാണെങ്കിലും എയർ ഇന്ത്യയിൽ മാർക്കറ്റിംഗ് സെക്ഷനിൽ ജൂണിയറായി ജോലി നോക്കുന്ന എന്റെ മകനും സത്യവിശ്വാസത്തിലേക്ക് കടന്നുവന്നത് എനിക്ക് വലിയ അനുഗ്രഹമായി. കഴിഞ്ഞ മാർച്ച് 27-ാം തീയ്യതി മുതൽ പൊൻകുന്നത്ത് ബഹു.ദേവസ്യാസാർ നയിച്ച ബൈബിൾ ക്ലാസ്സിലും രോഗശാന്തിശുശ്രൂഷകളിലും ഞാനും പങ്കെടുത്തു.അത്ഭുതമെന്ന് പറയട്ടെ എന്റെ യേശു അന്നത്തെ പ്രാർത്ഥനയിൽവെച്ച് വർഷങ്ങളായി എന്നെ അലട്ടിക്കൊണ്ടിരുന്ന കഠിനമായ രോഗത്തിൽ നിന്നും എന്നെ വിടുവിച്ചു. എനിക്ക് പൂർണ്ണസൗഖ്യം ലഭിച്ചു. യേശുവെ ആരാധന.

ലൈസമ്മ
പാലാ,കോട്ടയം
Ph:9495657140

## Fundamental Knowledge of True Theology - Chapter : 26

# 4 ക്രിസ്തുശാസ്ത്രം CHRISTOLOGY

അവൾ ഓടി ശീമോൻ പത്രൊസിന്റെയും യേശുവിന്റെ പ്രിയനായ മറ്റേ ശിഷ്യന്റെയും അടുക്കൽ ചെന്നു: കർത്താവിനെ കല്ലറയിൽ നിന്നെടുത്തുകൊണ്ടുപോയി, അവനെ എവിടെ വെച്ചു എന്ന് ഞങ്ങളറിയുന്നില്ല എന്ന് അവരോടു പറഞ്ഞു. അതുകൊണ്ട് പത്രൊസും മറ്റേ ശിഷ്യനും പുറപ്പെട്ട് കല്ലറയ്ക്കൽ ചെന്നു. ഇരുവരും ഒരുമിച്ച് ഓടി. മറ്റേ ശിഷ്യൻ പത്രൊസിനെക്കാൾ വേഗത്തിൽ ഓടി. ആദ്യം കല്ലറയ്ക്കൽ എത്തി; കുനിഞ്ഞു നോക്കി. ശീലകൾ കിടക്കുന്നതു കണ്ടു; അകത്തു കടന്നില്ല താനും. അവന്റെ പിന്നാലെ ശീമോൻ പത്രൊസും ചെന്ന് കല്ലറയിൽ കടന്നു. ശീലകൾ കിടക്കുന്നതും അവന്റെ തലയിൽ ചുറ്റിയിരുന്ന റൂമാൽ ശീലകളോടുകൂടി കിടക്കാതെ വേറിട്ട് ഒരിടത്ത് ചുരുട്ടി വെച്ചിരിക്കുന്നതും കണ്ടു. ആദ്യം കല്ലറയ്ക്കൽ എത്തിയ മറ്റേ ശിഷ്യനും അപ്പോൾ അകത്തു ചെന്നു കണ്ടു വിശ്വസിച്ചു. അവൻ മരിച്ചവരിൽ നിന്നുയിർത്തെഴുന്നേൽക്കേണ്ടതാകുന്നു എന്നുള്ള തിരുവെഴുത്ത് അവർ അതുവരെ അറിഞ്ഞില്ല. അങ്ങനെ ശിശ്യന്മാർ വീട്ടിലേക്കു മടങ്ങിപ്പോയി'' (യോഹ.20:1-10).

കല്ലറയിൽ വ്യാപരിച്ച പരിശുദ്ധാത്മാവിന്റ അത്യന്തശക്തിയാൽ യേശുക്രിസ്തു ഉയിർത്തെഴുന്നേൽക്കുക തന്നെ ചെയ്തു. ദൂതൻ കല്ലുരുട്ടുന്നതുനു മുമ്പ്, ഭൂകമ്പം ഉണ്ടാകുന്നതിനും മുമ്പു തന്നെ എന്നു വേണം കരുതുവാനും വിശ്വസിക്കുവാനും. സത്യവും അതു തന്നെയാണ്.

നമ്മുടെ സെമിറ്ററികളിലെ കല്ലറ പോലെ ഇടുങ്ങിയതല്ല, പാലസ്തീനയിലെ കല്ലറകൾ എന്നു വേണം കരുതുവാൻ. പാറയിൽ വെട്ടിയുണ്ടാക്കുന്ന, വീടുകളിലെ മുറികൾ പോലെ നല്ല വലിപ്പം ഉള്ളവയാണ്.

യേശുക്രിസ്തു കൊല്ലപ്പെട്ടതും അടക്കപ്പെട്ടതും പരസ്യമായിട്ടായിരുന്നെങ്കിലും ഉയിർത്തെഴുന്നേറ്റത് രഹസ്യമായിട്ടായിരുന്നു. എന്നാൽ അവൻ പിന്നീട് പ്രത്യക്ഷപ്പെട്ടത് പലർക്കായിട്ടാണ്, എല്ലാം പരസ്യമായിട്ടായിരുന്നു താനും.

## പ്രാർത്ഥനയാൽ തലമുറകളെ ലഭിച്ചു




എന്റെ പേര് ജസ്ന. ഭർത്താവിന്റെ പേര് സന്ദീപ്. തെക്കൻ പറവൂരാണ് താമസിക്കുന്നത്. ഞങ്ങൾ വിവാഹം കഴിഞ്ഞ് മൂന്നുവർഷമായിട്ടും ഞങ്ങൾക്ക് കുട്ടികളുണ്ടായില്ല. 2011-ൽ ദേവസ്യാമുല്ലക്കര സാറിനെക്കൊണ്ട് പ്രാർത്ഥിപ്പിച്ചപ്പോൾ ഒരു മാസത്തിനു ശേഷം ഉദരത്തിൽ കുഞ്ഞുണ്ടാകുമെന്ന് സാർ പറഞ്ഞിരുന്നതുപോലെ തന്നെ സംഭവിച്ചു. കുഞ്ഞ് ജനിച്ച് ഒരു മാസം കഴിഞ്ഞപ്പോൾ മഞ്ഞപ്പിത്തം ബാധിച്ച് അതീവഗുരുതരാവസ്ഥയിൽ പരിയാരം മെഡിക്കൽ കോളേജിൽ കിടന്നു.നാല് കിലൊ തൂക്കമുണ്ടായിരുന്ന കുഞ്ഞ് 1.200 ആയി. അപ്പോൾ സാറിനെക്കൊണ്ട് പ്രാർത്ഥിപ്പിക്കാൻ ഇടയായി. അപ്പോൾ സാർ പറഞ്ഞു കുഞ്ഞിന് 100 ഗ്രാം വീതം തൂക്കം കൂടുമെന്ന്, അത് അങ്ങനെ തന്നെ സംഭവിച്ചു. പിന്നീട് ഒരു കുഞ്ഞിനെയും കൂടി ഞങ്ങൾക്ക് സാറിന്റെ പ്രാർത്ഥനയാൽ കിട്ടി. ഈ കുഞ്ഞിനെ ഞാൻ ഏഴ് മാസം ഗർഭിണിയായിരിക്കുമ്പോൾ കുഞ്ഞിന് കിഡ്നിയിൽ വെള്ളം കെട്ടുകയും സാർ പ്രാർത്ഥിക്കുകയും അസുഖം മാറുകയും ചെയ്തു. അതു മാത്രമല്ല എന്റെ ഭർത്താവിന് പ്രാർത്ഥനയിൽ വലിയ താല്പര്യമൊന്നുമുണ്ടായിരുന്നില്ല. ഇപ്പോൾ ഭർത്താവ് വിശ്വാസത്തിൽ വരികയും ചെയ്തു. അങ്ങനെ ഈ സത്യദൈവത്തെ അറിഞ്ഞ ശേഷം വലിയ വലിയ അത്ഭുതങ്ങളാണ് ദൈവം എനിക്ക് ചെയ്തു തന്നിരിക്കുന്നത്. അനുഗ്രഹിച്ച എന്റെ ദൈവത്തിന് ഒരായിരം നന്ദി..................

ജസ്ന

തെക്കൻ പറവൂർ







2017 ജൂലൈ 15 – ന് പെരുമ്പാവൂർ ഫാസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന കൺവെൻഷനിൽ നിന്ന്





തൊടുപുഴയിൽ വച്ചു നടന്ന ബൈബിൾ ക്ലാസ്സിൽ  പങ്കെടുത്ത ദൈവജനം



## നാഡിയുടെ തകരാർ സൗഖ്യമായി



നാഡിയുടെ തകരാർ മൂലം 8 മാസത്തോളമായി അവശനായി സംസാരിക്കാനും നടക്കാനും എല്ലാത്തിനും പ്രയാസമായി കഷ്ടപ്പെടുകയായിരുന്നു. 41 ദിവസത്തോളമുള്ള ആയുർവ്വേദ ചികിത്സ നടത്തിയെങ്കിലും പ്രയോജനമുണ്ടായിരുന്നില്ല. എന്റെ ഭാര്യ ദേവസ്യാസാറിന്റെ ആത്മാഭിഷേകം സഭയുടെ ചങ്ങനാശ്ശേരി ആരാധനാലയത്തിൽ പോകാറുണ്ടായിരുന്നു. ഞാനാണെങ്കിൽ ഒരു പാരമ്പര്യ ക്രൈസ്തവ സമുദായത്തിൽ അമിതമായി ഊറ്റം കൊള്ളുന്ന ആളായതുകൊണ്ട് എനിക്ക് ഇത്തരം പ്രാർത്ഥനകളോട് താല്പര്യമില്ലായിരുന്നു. എന്റെ ഭാര്യയുടെ നിർബന്ധത്താ ലാണ് കഴിഞ്ഞ മാസം തിരുവല്ലായിൽ വച്ച് നടന്ന ആത്മാഭിഷേകം ഏകദിന കൺവെൻഷനിൽ പങ്കെടുത്തതും സാറിനെക്കൊണ്ട് പ്രാർത്ഥിപ്പിച്ചതും. അത്ഭുതമെന്നു പറയട്ടെ സാർ പ്രാർത്ഥിച്ച നിമിഷം മുതൽ എന്നിലേക്ക് ഒരു പുതുശക്തി കടന്നുവന്ന് എന്നെ ബലപ്പെടുത്തി ക്കൊണ്ടിരിക്കുന്നത് ഞാൻ അറിയുന്നുണ്ടായിരുന്നു. എനിക്കിപ്പോൾ വലിയ വിടുതലുണ്ട്. എന്നെ സൗഖ്യ മാക്കിയ ദൈവത്തിന് ആരാധനയും ദേവസ്യാ മുല്ലക്കര സാറിനും കൂട്ടായ്മക്കും നന്ദിയും പറയുന്നു.

സലു
വെള്ളിനാട്
Ph: 9446946360

## Fundamental Knowledge of True Theology - Chapter : 26
## ക്രിസ്തുശാസ്ത്രം CHRISTOLOGY 4

**മണ്ണിനടിയിൽ മൂന്നു ദിനങ്ങൾ**

"ക്രിസ്തുവും നമ്മെ ദൈവത്തോടടുപ്പിക്കേണ്ട തിന് നീതിമാനായി നീതി കെട്ടവർക്കുവേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടമനുഭവിച്ചു. ജഡത്തിൽ മരണശിക്ഷ ഏൽക്കുകയും ആത്മാവിൽ ജീവിപ്പിക്കപ്പെടുകയും ചെയ്തു. ആത്മാവിൽ അവൻ ചെന്ന്, പണ്ട് നോഹയുടെ കാലത്ത് പെട്ടകം ഒരുക്കുന്ന സമയം ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കുമ്പോൾ അനുസരിക്കാത്തവരായി തടവിലുള്ള ആത്മാക്കളോട് പ്രസംഗിച്ചു" (1 പത്രൊ.3:18,19). പരിശുദ്ധാത്മാവായ നിത്യാത്മാവിന്റെ ശക്തിയാലാണ് ക്രിസ്തു ഉയിർത്തെഴുന്നേറ്റതെന്നാണ് അപ്പൊസ്തല പ്രമുഖനായ പത്രൊസിന് പറയുവാനുള്ളത്. ക്രിസ്തുവിന്റെ മരണത്തിനും ഉത്ഥാനത്തിനും ഇടയിലുള്ള ഒരു പ്രത്യേക സമയത്ത് പാതാളത്തിലുള്ള പറുദീസയിൽ പോയി കാൽവരിക്രൂശിലെ വിജയത്തിന്റെ സന്ദേശമറിയിച്ചു.

അതായത്; പഴയനിയമകാലത്ത് നോഹ പ്രസംഗിച്ചത് ക്രിസ്തുവിന്റെ ആത്മാവിൽ നിറഞ്ഞാണ്. ആ കാലഘട്ടം നോഹയെ ശ്രവിച്ചില്ല അഥവാ ക്രിസ്തുവിനെ ശ്രവിച്ചില്ല. ഇന്ന് അന്നത്തെകൂട്ടർ പാതാളമാകുന്ന തടവിൽ കിടക്കുന്നു. കല്ലറയ്ക്കുള്ളിലായ ക്രിസ്തു ആത്മാവിൽ ചെന്നു പാതാളത്തിൽ കിടന്നവരോട് താൻ വരിച്ച വിജയത്തെക്കുറിച്ച് പ്രസംഗിച്ചുകാണുമെന്ന് അപ്പൊസ്തലൻ പറയുകയാണിവിടെ. എല്ലാം ആത്മാവിലാണ്. എഫേസ്യലേഖനം "അതുകൊണ്ട് അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ടു പോയി ഉയരത്തിൽ കയറി മനുഷ്യർക്ക് ദാനങ്ങളെ കൊടുത്തു എന്നു പറയുന്നു"(സങ്കീ.68:18). കയറി എന്നതിനാൽ അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേയ്ക്കിറങ്ങി എന്നു വരുന്നില്ലയോ? ഇറങ്ങിയവൻ സകലത്തെയും നിറക്കേണ്ടതിന് സ്വർഗ്ഗാധിസ്വർഗ്ഗത്തിനും മീതെ കയറിയവനും ആകുന്നു" (എഫേ.4:8,9,10).

ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി എന്നതിന്റെ അർത്ഥമെന്താണ്? കാൽവരികുരിശിൽ മരിച്ച് മൂന്നാം

## Fundamental Knowledge of True Theology - Chapter : 26

# ക്രിസ്തുശാസ്ത്രം 4
## CHRISTOLOGY

നാൾ ഉയിർത്ത കർത്താവ് നമുക്ക് പരിശുദ്ധാത്മാവിനെയും സകല വരദാനഫലങ്ങളെയും തരുവാൻ മതിയായവനാണ്. മാത്രമല്ല, പിശാചിന്റെ വന്യശക്തിയെ പരാജയപ്പെടുത്തിയ "ഉയിർത്ത കർത്താവ്" മരണഭീതിയിലടിമകളായ സകല വിശ്വാസികളെയും വിടുവിക്കുകയും ചെയ്യുകയായിരുന്നു. 1 പത്രൊ.4:6-ൽ "ഇതിനായിട്ടല്ലയോ മരിച്ചുപോയവരോടും സുവിശേഷം അറിയിച്ചത്. അവർ ജഡസംബന്ധമായി മനുഷ്യരെപ്പോലെ വിധിക്കപ്പെടുകയും ആത്മാവ് സംബന്ധമായി ദൈവത്തിനൊത്തവണ്ണം ജീവിക്കുകയും ചെയ്യേണ്ടതിനു തന്നെ" എന്നെഴുതിയിട്ടുണ്ടല്ലോ.

മരിച്ചുപോയവരോട് എന്നതിന്റെ അർത്ഥം ഈ ലേഖനമെഴുതിയ കാലത്ത് പണ്ട് സുവിശേഷം കേട്ടവരിൽ നിന്ന് മരിച്ചുപോയവർ എന്നാണ്. അല്ലാതെ പാതാളത്തിൽ ഉള്ള സകലരോടും എന്നല്ല. അവർ വിശ്വാസത്തിന്റെ പേരിൽ കൊല്ലപ്പെട്ടവരാണെന്ന് കരുതാം. എന്നാൽ അവർക്ക് ദൈവം നിത്യജീവനെ കൊടുക്കാതെയിരിക്കുകയില്ലല്ലോ. അവരോട് ആത്മാവിൽ ചെന്ന് കാൽവരിവിജയവും ഉത്ഥാനസന്തോഷവും അറിയിച്ചെന്നാണിതിന്റെ വ്യാഖ്യാനം.

**<u>സാത്താന്റെ അധികാരങ്ങളിൽ സുപ്രധാനമായവ</u>**

1. ഈ ലോകത്തിന്റെ പ്രഭുവും അധികാരിയും സാത്താനത്രേ. എന്നാൽ കാൽവരിവിജയത്താലും ഉത്ഥാനത്താലും സ്വർഗ്ഗാരോഹണത്താലും യേശു ഈ ലോകത്തിന്റെ പ്രഭുവിനെ തകർത്തുവാരി. "ഇപ്പോൾ ഈ ലോകത്തിന്റെ പ്രഭുവിനെ പുറത്തു തള്ളിക്കളയും" (യോഹ.12:31). സാത്താനാണ് ഈ ലോകത്തിന്റെ പ്രഭുവെന്ന് ദൈവമായ യേശു പറയുന്ന വചനമാണിത്. "ഈ ലോകത്തിന്റെ ദൈവം (സാത്താൻ) അവിശ്വാസികളുടെ മനസ്സ് കുരുടാക്കി" (2 കൊരി.4:4).

2. മാത്രമല്ല മരണത്തിന്റെ അധികാരിയും സാത്താനാണ്. ക്രിസ്തുവാകട്ടെ തന്റെ മരണത്താലാണ് മരണത്തിന്റെ അധികാരിയെ പുറത്താക്കിയത്. "മക്കൾ ജഡരക്തങ്ങളോട് കൂടിയവരാകകൊണ്ട് അവനും അവരെപ്പോലെ, ജഡരക്തങ്ങളോട് കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെയൊക്കെയും വിടുവിച്ചു"




To Help us (only in india)

ഇന്ത്യയ്ക്കകത്തു നിന്നുമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് മാത്രം അയച്ചു തരിക

ചർച്ച് ഓഫ് ഇറ്റേണിറ്റി
A/c No: 1034 0100 205 721
ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്,
എറണാകുളം, IFSC Code : FDRL 000 1034

Church of Eternity
A/c No: 1034 0100 205 721
Federal bank, Trikkakkara Branch
Ernakulam, IFSC Code : FDRL 000 1034

(എബ്രാ.2:14,15).

3. അനേകം സങ്കീർത്തനങ്ങളിൽ എല്ലാ ബദ്ധന്മാരും പിശാചിനാലാണ് ബന്ധിതരായതെന്നും ക്രിസ്തു എന്ന യഹോവ ബദ്ധന്മാരെ വിടുവിച്ചു എന്നും നാം വായിക്കുന്നു. "നീ ഉയരത്തിലേക്കു കയറി ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി യാഹ് എന്ന ദൈവം (യേശുക്രിസ്തു) അവിടെ വസിക്കേണ്ടതിന് നീ മനുഷ്യരോട്, മത്സരികളോട് തന്നെ കാഴ്ച വാങ്ങിയിരിക്കുന്നു" (സങ്കീ.68:18). ''യഹോവ ദരിദ്രന്മാരുടെ പ്രാർത്ഥന കേൾക്കുന്നു; തന്റെ ബദ്ധന്മാരെ നിന്ദിക്കുന്നതുമില്ല" (സങ്കീ.69:33). "ദൈവം (യേശുക്രിസ്തു) ഏകാകികളെ കുടുംബത്തിൽ വസിക്കുമാറാക്കുന്നു; അവൻ ബദ്ധന്മാരെ വിടുവിച്ചു സൗഭാഗ്യത്തിലാക്കുന്നു" (സങ്കീ.68:6).

''ബദ്ധന്മാരുടെ ദീർഘശ്വാസം നിന്റെ മുമ്പാകെ വരുമാറാക്കട്ടെ" (സങ്കീ.79:11).

''ബദ്ധന്മാരുടെ ഞരക്കം കേൾപ്പാനും മരണത്തിന് നിയമിക്കപ്പെട്ടവരെ വിടുവിപ്പാനും യഹോവ (യേശുക്രിസ്തു) തന്റെ വിശുദ്ധമായ ഉയരത്തിൽ നിന്നു നോക്കി സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയെ തൃക്കൺ പാർത്തുവല്ലോ" (സങ്കീ.102:21,22).

ഇത്തരം, സാത്താന്റെ സകല പ്രവൃത്തികളെയും അഴിക്കുവാനും തകർക്കുവാനുമാണ് യേശുക്രിസ്തുവായി യഹോവ വന്നത്. "പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാച് ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി"(1 യോഹ.3:8).

**ഉയിർത്തവൻ, പ്രത്യക്ഷപ്പെടുന്നു**

1. ''തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് കേഫാവിനും (1 കൊരി.15:4)

2. പിന്നെ പന്തിരുവർക്കും (1 കൊരി.15:5)

3. അനന്തരം അവൻ അഞ്ഞൂറിലധികം സഹോദരന്മാർക്ക് ഒരുമിച്ചും പ്രത്യക്ഷനായി (1 കൊരി.15:6).

4. അനന്തരം അവൻ യാക്കോബിനും (1 കൊരി.15:7)

5. പിന്നെ അപ്പൊസ്തലന്മാർക്കും എല്ലാവർക്കും പ്രത്യക്ഷനായി ( കൊരി.15:7).

6. എല്ലാവർക്കുമൊടുവിൽ അകാല പ്രജപോലെയുള്ള എനിക്കും പ്രത്യക്ഷനായി (1 കൊരി.15:9).

7. "അന്നു തന്നെ അവരിൽ രണ്ടുപേർ യെരുശലേമിൽ നിന്ന് ഏഴു നാഴിക ദൂരെയുള്ള എമ്മാവൂസ് എന്ന ഗ്രാമത്തിലേക്ക് പോകയിൽ ഈ സംഭവത്തെക്കുറിച്ചൊക്കെയും തമ്മിൽ സംസാരിച്ചുകൊണ്ടിരുന്നു. സംസാരിച്ചും തർക്കിച്ചുംകൊണ്ടിരിക്കുമ്പോൾ **"യേശു താനും"** അടുത്തുചെന്ന് അവരോട് ചേർന്നു നടന്നു. അവനെ അറിയാതെവണ്ണം അവരുടെ കണ്ണ് നിരോധിച്ചിരുന്നു. അവൻ അവരോട് നിങ്ങൾ വഴി നടന്ന് തമ്മിൽ വാദിക്കുന്ന ഈ കാര്യം എന്ത് എന്ന് ചോദിച്ചു; അവർ വാടിയ മുഖത്തോടെ നിന്നു. ക്ലെയോപ്പാവ് എന്നു പേരുള്ളവൻ: യെരുശലേമിലെ പരദേശികളിൽ നീ മാത്രം ഈ നാളുകളിൽ അവിടെ സംഭവിച്ച കാര്യം അറിയാതെയിരിക്കുന്നുവോ എന്നുത്തരം പറഞ്ഞു. ഏത് എന്ന് അവൻ അവരോട് ചോദിച്ചതിന് അവർ അവനോട് പറഞ്ഞത്: ദൈവത്തിനും സകല ജനത്തിനും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്ന നസ്രായനായ യേശുവിനെക്കുറിച്ചുള്ളതു തന്നെ. നമ്മുടെ മഹാപുരോഹിതന്മാരും പ്രമാണികളും അവനെ മരണവിധിക്ക് ഏല്പിച്ച് ക്രൂശിച്ചു. ഞങ്ങളോ അവൻ യിസ്രയേലിനെ വീണ്ടെടുപ്പാനുള്ളവൻ എന്നാശിച്ചിരുന്നു. അത്രയുമല്ല, ഇതു സംഭവിച്ചിട്ട് ഇന്ന് മൂന്നാം നാൾ ആകുന്നു. ഞങ്ങളുടെ കൂട്ടത്തിൽ ചില സ്ത്രീകൾ രാവിലെ കല്ലറക്കൽ പോയി അവന്റെ ശരീരം കാണാതെ മടങ്ങിവന്ന്, അവൻ ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞ ദൂതന്മാരുടെ ദർശനം കണ്ടു എന്നു പറഞ്ഞ് ഞങ്ങളെ ഭ്രമിപ്പിച്ചു. ഞങ്ങളുടെ കൂട്ടത്തിൽ ചിലർ കല്ലറക്കൽ ചെന്ന് സ്ത്രീകൾ പറഞ്ഞതുപോലെ തന്നെ കണ്ടു; അവനെ കണ്ടില്ല താനും. അവൻ അവരോട്: അയ്യോ! ബുദ്ധിഹീനരെ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളെ, ക്രിസ്തു ഇങ്ങനെ കഷ്ടമനുഭവിച്ചിട്ട് തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ

എന്നു പറഞ്ഞു. മോശെ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തു. അവർ പോകുന്ന ഗ്രാമത്തോടടുത്തപ്പോൾ അവൻ മുമ്പോട്ട് പോകുന്ന ഭാവം കാണിച്ചു. അവരോ ഞങ്ങളോടുകൂടി പാർക്കുക നേരം വൈകി അസ്തമിക്കാറായല്ലോ എന്നു പറഞ്ഞ് അവനെ നിർബന്ധിച്ചു. അവൻ അവരോടുകൂടെ പാർപ്പാൻ ചെന്നു. അവരുമായി ഭക്ഷണത്തിനിരിക്കുമ്പോൾ അവൻ അപ്പമെടുത്ത് അനുഗ്രഹിച്ച് നുറുക്കി അവർക്ക് കൊടുത്തു. ഉടനെ അവരുടെ കണ്ണ് തുറന്നു. അവർ അവനെ അറിഞ്ഞു; അവൻ അവർക്ക് അപ്രത്യക്ഷനായി. അവൻ വഴിയിൽ നമ്മോട് സംസാരിച്ച് തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെയുള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ എന്ന് അവർ തമ്മിൽ പറഞ്ഞു. ആ നാഴികയിൽ തന്നെ അവരെഴുന്നേറ്റ് യെരുശലേമിലേക്ക് മടങ്ങിപ്പോന്നു. കർത്താവ് വാസ്തവമായും ഉയിർത്തെഴുന്നേറ്റ് ശീമോന് പ്രത്യക്ഷനായി എന്ന് കൂടിയിരുന്ന് പറയുന്ന പതിനൊരുവരെയും കൂടെയുള്ളവരെയും കണ്ടു. വഴിയിൽ സംഭവിച്ചതും അവർ അപ്പം നുറുക്കയിൽ തങ്ങൾക്കറിവായി വന്നതും അവർ വിവരിച്ചു പറഞ്ഞു" (ലൂക്കോ.24:13-35, മർക്കോ.16:12). എമ്മാവൂസ് എന്ന ഗ്രാമത്തിലേക്ക് പോയ രണ്ട് ശിഷ്യന്മാർക്ക് പ്രത്യക്ഷനായ വിവരണമാണ് നാം കണ്ടത്.

8. വീണ്ടും പത്ത് ശിഷ്യന്മാർക്ക് പ്രത്യക്ഷനാകുന്ന വിവരണം എഴുതാം. "ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയ ആ ദിവസം, നേരം വൈകിയപ്പോൾ ശിഷ്യന്മാർ ഇരുന്ന സ്ഥലത്ത് യഹൂദന്മാരെ പേടിച്ച് വാതിൽ അടച്ചിരിക്കെ യേശു വന്ന് നടുവിൽ നിന്നുകൊണ്ട്: നിങ്ങൾക്ക് സമാധാനം എന്ന് അവരോട് പറഞ്ഞു. ഇത് പറഞ്ഞിട്ട് അവൻ കയ്യും വിലാപ്പുറവും അവരെ കാണിച്ചു. കർത്താവിനെ കണ്ടിട്ട് ശിഷ്യന്മാർ സന്തോഷിച്ചു. യേശു പിന്നെയും അവരോട്: "നിങ്ങൾക്ക് സമാധാനം. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞ ശേഷം അവൻ അവരുടെമേൽ ഊതി അവരോട്: പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്ക് നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു" (യോഹ.20:19-23).

9. **<u>തോമസ് ഉൾപ്പെടെ പതിനൊന്ന് ശിഷ്യന്മാർക്ക് പ്രത്യക്ഷനാകുന്ന രംഗം.</u>**

"എന്നാൽ യേശു വന്നപ്പോൾ പന്തിരുവരിൽ ഒരുവനായ ദിദിമോസ് എന്ന തോമസ് അവരുടെ കൂടെയുണ്ടായിരുന്നില്ല. മറ്റെ ശിഷ്യന്മാർ അവനോട്: ഞങ്ങൾ കർത്താവിനെ കണ്ടു എന്നു പറഞ്ഞാറെ: ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുത് കാണുകയും ആണിപ്പഴുതിൽ വിരലിടുകയും അവന്റെ വിലാപ്പുറത്ത് കയ്യിടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കുകയില്ല എന്ന് അവൻ അവരോടു പറഞ്ഞു. എട്ടു ദിവസം കഴിഞ്ഞിട്ട് ശിഷ്യന്മാർ പിന്നെയും അകത്തുകൂടിയിരിക്കുമ്പോൾ തോമസും ഉണ്ടായിരുന്നു. വാതിലടച്ചിരിക്കെ യേശു വന്ന് നടുവിൽ നിന്നുകൊണ്ട് നിങ്ങൾക്ക് സമാധാനം എന്നു പറഞ്ഞു. "നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ കാൺക; അവിശ്വാസിയാകാതെ വിശ്വാസിയായിരിക്ക എന്നു പറഞ്ഞു. തോമസ് അവനോട്: എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവെ, എന്നുത്തരം പറഞ്ഞു. യേശു അവനോട്: നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ എന്നു പറഞ്ഞു" (യോഹ.20:24-29).

10. ഗലീലയിലെ മലയിൽവെച്ച് വീണ്ടും പതിനൊന്ന് ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷനാകുന്ന രംഗം എഴുതാം. "എന്നാൽ പതിനൊന്ന് ശിഷ്യന്മാർ ഗലീലയിൽ യേശു അവരോട് കല്പിച്ചിരുന്ന മലയ്ക്ക് പോയി. അവനെ കണ്ടപ്പോൾ അവർ നമസ്കരിച്ചു; ചിലരൊ സംശയിച്ചു. യേശു അടുത്തുചെന്നു. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും

Fundamental Knowledge of True Theology - Chapter : 26

# ക്രിസ്തുശാസ്ത്രം CHRISTOLOGY 4

പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനൊ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടി ഉണ്ട് എന്നരുളിച്ചെയ്തു" (മത്താ.28:16-20).

11. സ്വർഗ്ഗാരോഹണസമയത്ത് അനവധി യഥാർത്ഥ വിശ്വാസികൾക്ക് പ്രത്യക്ഷനാകുന്ന രംഗം: "അവൻ കഷ്ടമനുഭവിച്ച ശേഷം നാല്പത് നാളോളം അവർക്ക് പ്രത്യക്ഷനായി ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ട് താൻ ജീവിച്ചിരിക്കുന്നു എന്ന് അനേകം ദൃഷ്ടാന്തങ്ങളാൽ അവർക്കു കാണിച്ചുകൊടുത്തു. അങ്ങനെ അവൻ അവരുമായി കൂടിയിരിക്കുമ്പോൾ അവരോട്: നിങ്ങൾ യെരുശലേമിൽ നിന്ന് വാങ്ങിപ്പോകാതെ എന്നോടുകേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം: യോഹന്നാൻ വെള്ളംകൊണ്ട് സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയുംമുമ്പേ, പരിശുദ്ധാത്മാവുകൊണ്ട് സ്നാനം ലഭിക്കും എന്നു കല്പിച്ചു".

ഒരുമിച്ചു കൂടിയിരുന്നപ്പോൾ അവർ അവനോട്: "കർത്താവേ, നീ യിസ്രയേലിന് ഈ കാലത്തിലൊ രാജ്യം യഥാസ്ഥാനത്താക്കിക്കൊടുക്കുന്നത് എന്നു ചോദിച്ചു. അവൻ അവരോട് പിതാവ് തന്റെ സ്വന്തം അധികാരത്തിൽ വെച്ചിട്ടുള്ള കാലങ്ങളെയൊ സമയങ്ങളെയൊ അറിയുന്നത് നിങ്ങൾക്കുള്ളതല്ല. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിലെല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകും എന്നു പറഞ്ഞു. ഇതു പറഞ്ഞ ശേഷം അവർ കാൺകെ അവൻ ആരോഹണം ചെയ്തു. ഒരു മേഘം അവനെ മൂടിയിട്ട് അവൻ അവരുടെ കാഴ്ചക്ക് മറഞ്ഞു. അവൻ പോകുന്നേരം അവർ ആകാശത്തിലേക്ക് ഉറ്റുനോക്കുമ്പോൾ വെള്ളവസ്ത്രം ധരിച്ച രണ്ട് പുരുഷന്മാർ അവരുടെയടുക്കൽ നിന്നു: ഗലീലാപുരുഷന്മാരെ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നതെന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി, നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും എന്നു പറഞ്ഞു" (അപ്പൊ.പ്ര.1:2-11).

**സ്തേഫാനോസിന് യേശു പ്രത്യക്ഷപ്പെടുന്നു**

12. "സ്തേഫാനോസൊ പരിശുദ്ധാത്മാവു നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്ക് ഉറ്റുനോക്കി. ദൈവത്തിന്റെ


**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

**വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട് (ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)**

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

**ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.**

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

Fundamental Knowledge of True Theology - Chapter : 26

# ക്രിസ്തുശാസ്ത്രം CHRISTOLOGY 4

മഹത്വവും ദൈവത്തിന്റെ വലതുഭാഗത്ത് യേശു നിൽക്കുന്നതും കണ്ടു: ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലതുഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു എന്നു പറഞ്ഞു'' (അപ്പൊ.പ്ര.7:55,56).

**13. പൗലൊസിന് യേശു പ്രത്യക്ഷപ്പെടുന്നു**

''അവൻ പ്രയാണം ചെയ്ത് ദമസ്ക്കോസിന് സമീപിച്ചപ്പോൾ പെട്ടെന്ന് ആകാശത്തുനിന്ന് ഒരു വെളിച്ചം അവന്റെ ചുറ്റും മിന്നി. അവൻ നിലത്തു വീണു. ശൗലേ, ശൗലേ നീ എന്നെ ഉപദ്രവിക്കന്നതെന്ത്? എന്ന് തന്നോടു പറയുന്ന ഒരു ശബ്ദം കേട്ടു. നീ ആരാകുന്നു കർത്താവെ എന്ന് അവൻ ചോദിച്ചതിന്: "നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ എന്നു പറഞ്ഞു" (അപ്പൊ.പ്ര.9:3-5).

**14. യേശു യോഹന്നാന് പ്രത്യക്ഷപ്പെടുന്നു**

"ഞാൻ തിരിഞ്ഞപ്പോൾ ഏഴ് പൊൻ നിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ച് മാറത്ത് പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോട് സദൃശ്യനായവനെയും കണ്ടു" (വെളി.1:12,13).

**15. യേശു യോഹന്നാന് വീണ്ടും പ്രത്യക്ഷപ്പെടുന്നു**

''ഇതു സാക്ഷീകരിക്കുന്നവൻ: അതേ ഞാൻ വേഗം വരുന്നു എന്ന് അരുളിച്ചെയ്യുന്നു" (വെളി.22:20).

മരിച്ചവരിൽ നിന്നും ഒരാൾ ഉയിർത്തു, പ്രത്യേകിച്ചും ക്രിസ്തു ഉയിർത്തു എന്നു പറയുമ്പോൾ, യഥാർത്ഥ വിശ്വാസികളല്ലാതെയുള്ളവർ യുക്തിബോധത്തോടുകൂടി, സംസാരിക്കുകയും എഴുതുകയും കഴിയുന്ന എല്ലാ മാർഗ്ഗങ്ങളിലൂടെയും ദുഷിച്ച വാർത്തകൾ



പ്രചരിപ്പിക്കുകയുമൊക്ക ചെയ്യും. ആ സാഹചര്യത്തിലാണ് ക്രിസ്തു മരിച്ചതിന്റെയും മൃതശരീരമടക്കിയതിന്റെയും ഉത്ഥാനം ചെയ്തതിന്റെയും, ഉത്ഥാനാനന്തരം അനേകർക്ക് പ്രത്യക്ഷപ്പെട്ടതിന്റെയും വചനാധിഷ്ഠിതവും ചരിത്രാധിഷ്ഠിതവും ആയ തെളിവുകൾ ഇത്രയും ഇവിടെ എഴുതിയത്.

**ഉത്ഥാനത്തിന്റെ തത്വം**

കൊലോസ്യ ലേഖനത്തിൽ 2-ാം അദ്ധ്യായത്തിൽ 12-ാം വാക്യം എഴുതട്ടെ. ''സ്നാനത്തിൽ നിങ്ങൾ അവനോടുകൂടി അടക്കപ്പെടുകയും അവനെ മരിച്ചവരുടെയിടയിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ച് ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടി നിങ്ങളും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു." അതായത് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിക്കലിന്റെ അകത്ത് അടങ്ങിയിരിക്കുന്ന ആത്മീയതത്വം അത് യഥാർത്ഥ വിശ്വാസിയുടെയും മരണാനന്തരമുള്ള ഉയിർത്തെഴുന്നേൽപ്പിന്റെ മുന്നാസ്വാദനമാണ്.

''ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിന് നടക്കേണ്ടതിനുതന്നെ. അവന്റെ മരണത്തിന്റ സാദൃശ്യത്തോട് നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും" (റോമ.6:5).

അതായത് ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ഒരു സാദൃശമാണ്, നാം ജലസ്നാനമെടുത്തിട്ട് ഉയർന്നു വരുന്നത്. ഇവയെല്ലാം ഉത്ഥാനത്തിന്റെ ആദ്യതത്വങ്ങൾ തന്നെയാണ്.

ഒന്നാം മനുഷ്യൻ വീണുപോയതോടുകൂടി യഥാർത്ഥത്തിൽ എല്ലാ മനുഷ്യരും വീഴുകയായിരുന്നു. "ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെയെല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു'' (റോമ.5:12). ഇനി ക്രിസ്തുവിന്റെ ക്രൂശിതമരണത്താൽ മാത്രമല്ല, ഉയിർത്തെഴുന്നേൽപ്പിനോടുകൂടിയാണ്, സാത്താനും അവന്റെ പ്രധാന പിശാചുക്കളും അവരുടെ അധികാരങ്ങളും എല്ലാം തീർത്തും പരാജയപ്പെട്ടത്.

സാത്താന്റെ യോഗ്യത എന്നു പറഞ്ഞാൽ അതല്പം കൂടുതലാണെങ്കിലും പറയട്ടെ, അവനീ ലോകത്തിന്റെ പ്രഭുവും ദൈവവും ആണ്. അവനൊത്തിരി ഒത്തിരി അധികാരമുണ്ടായിരുന്നതുകൊണ്ട് അവൻ കർത്താവായ യേശുവിനെപ്പോലും പരീക്ഷിക്കുകയുണ്ടായി; അവന്റെ അധികാരത്തെ കർത്താവു പോലും അംഗീകരിച്ചു എന്നല്ല, അക്കാര്യം മനസ്സിലാക്കിയിരുന്നു എന്നു തന്നെ പറയാം. ലൂക്കോ.4:5,6,7 വചനങ്ങൾ എഴുതാം. "പിന്നെ പിശാച് അവനെ മേലോട്ടുകൂട്ടിക്കൊണ്ടു പോയി ലോകത്തിലെ സകല രാജ്യങ്ങളെയും ക്ഷണ നേരത്തിൽ അവന് കാണിച്ചു. ഈ അധികാരമൊക്കെയും അതിന്റെ മഹത്വവും നിനക്ക് തരാം. അത് എങ്കൽ ഏല്പിച്ചിരിക്കുന്നു; എനിക്ക് മനസ്സുള്ളവന് ഞാൻ കൊടുക്കുന്നു. നീ എന്നെ നമസ്ക്കരിച്ചാൽ അതെല്ലാം നിന്റേതാകും എന്ന് അവനോടു പറഞ്ഞു."

"അത് എങ്കൽ ഏല്പിച്ചിരിക്കുന്നു" എന്നു പറഞ്ഞ ആ അധികാരം സാത്താന് ദൈവദത്തമായി ലഭിച്ചതാണ്. തങ്ങൾക്ക് ലഭിച്ച അധികാരമുപയോഗിച്ചുകൊണ്ട് ലൂസിഫർ തന്നോട് സഹകരിച്ച പിശാചുക്കളോട് ചേർന്ന് ഒരു രാജ്യം തന്നെ സ്ഥാപിച്ചു. അതാണ് സാത്താന്യരാജ്യം എന്നറിയപ്പെടുന്നത്. ദൈവരാജ്യത്തിനെതിരെ പടവെട്ടുന്ന സാത്താന്റെ രാജ്യം; ഈ സാത്താന്റെ രാജ്യവും ലോകരാജ്യവും (സാംസ്ക്കാരികലോകം, സാഹിത്യലോകം, സ്പോർട്സ് ലോകം, സിനിമാ ലോകം, സയന്റിഫിക് റിസർച്ച് ലോകം, സയൻസ് ആൻഡ് ടെക്നോളജിയുടെ ലോകം, യുദ്ധോപകരണങ്ങൾ നിർമ്മിച്ചു വിൽക്കുകയും തമ്മിലടിക്കാൻ സഹായിക്കുകയും ചെയ്യുന്ന രാഷ്ട്രീയാന്ധതയുടെ ലോകം, ഭീകരസംഘടനകളുടെ ലോകം, രോഗാതുരവും ആത്മഹത്യാ മനസ്സോടും പ്രതികാരദാഹത്തോടും കൂടിയവരുടെ ലോകം) ഒന്നിച്ചു നിന്നുകൊണ്ട് ദൈവരാജ്യത്തെയും (യഥാർത്ഥ ദൈവസഭയെയും)

# ക്രിസ്തുശാസ്ത്രം CHRISTOLOGY 4

അപമാനിക്കുകയും തകർക്കുകയും ചെയ്യുന്നു. സാത്താന്മാരുടെ ഈ വീര്യശക്തിയും ക്രിസ്തുവിന്റെ കാൽവരിമരണത്താലും ഉത്ഥാനത്താലും ആണ് നിഷ്പ്രഭമായത്. അതും ഉത്ഥാനത്തിന്റെ തത്വം തന്നെ.

## പഴയ സൃഷ്ടി - പുതിയ സൃഷ്ടി

"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു, പഴയത് കടന്നുപോയി" (2 കൊരി.5:17).

പഴയത് കടന്നു പോവുകയും പുതുതായി തീരുകയും ചെയ്യുന്ന ഒരു വലിയ ആത്മീയപ്രക്രിയയാണ് ഒരുത്തൻ ക്രിസ്തുവിലാകുമ്പോൾ സംഭവിക്കുക. ലോകരാജ്യത്തും സാത്താന്യ രാജ്യത്തും, മാനസികമായും ശാരീരികമായും മറ്റെല്ലാ വിധത്തിലും ജീവിക്കുന്ന ഒരു മനുഷ്യൻ പഴയവ നിറഞ്ഞുകൊണ്ടു നിൽക്കുമ്പോഴാണ് അവൻ ക്രിസ്തുവിലാകൽ ആരംഭിക്കുന്നത്. ക്രിസ്തുവിന്റെ ക്രൂശുമരണത്തിന്റെയും, പ്രത്യേകിച്ച്, ഉത്ഥാനത്തിന്റെയും യോഗ്യതയാലും അവന്റെ നിത്യാത്മാവിന്റെ ദിവ്യസ്പർശനത്താലും മാത്രമേ ഒരാൾക്ക് ക്രിസ്തുവിലാകാൻ പറ്റത്തുള്ളു. ക്രിസ്തുവിൽ, ഒരാൾ, ആയാൽ പുതിയതായി സ്വഭാവവും മാറും, ചിന്തയും മാറും, വികാരവിചാരങ്ങളും മാറും. ബുദ്ധിയും മാറും, എല്ലാം ക്രിസ്തുവിന്റേതായി മാറുക തന്നെ ചെയ്യും.

ഒരു പഴയ മനുഷ്യൻ സമ്പൂർണ്ണ സമർപ്പണത്തോടെ ക്രിസ്തുവിലായാൽ ക്രിസ്തു അയാളെ ധരിക്കും. ക്രിസ്തു അയാളെ ചുമന്നുകൊണ്ട് ക്രൂശിലേക്ക് പോകും. അയാളെ ക്രിസ്തുവിലേക്ക് കൊണ്ടുപോകുമ്പോൾ അയാളിൽ നാളിതുവരെയുണ്ടായിരുന്ന പ്രപഞ്ചത്തിലെ സകല നിഷേധാത്മക കാര്യങ്ങളെയും ക്രൂശിലേക്ക് കൊണ്ടുപോവുക തന്നെ ചെയ്യും. രോഗശാപബന്ധനങ്ങൾ മാത്രമല്ല പാപവും പഴയതായവയൊക്കെയും കൊണ്ടുപോകും. എന്നിട്ട് തന്നിലിരിക്കുന്ന സത്യാത്മാവും നിത്യാത്മാവും ആയ പരിശുദ്ധാത്മാവിനെ നമുക്ക് പകർന്നു തരികകൂടി ചെയ്യും. "യേശുവിനെ മരിച്ചവരിൽ നിന്നുയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുയേശുവിനെ മരണത്തിൽ നിന്നുയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും" (റോമ.8:11).

ഇവിടെ ഒന്നാമത് പറഞ്ഞത് യേശുവിനെ മരിച്ചവരിൽ നിന്നുയിർപ്പിച്ച നിത്യാത്മാവിനെക്കുറിച്ചാണ്. രണ്ടാമതു പറഞ്ഞതും നമ്മിൽ വസിക്കുന്ന തന്റെ ആത്മാവായ പരിശുദ്ധാത്മാവിനെപ്പറ്റിയാണ്. അഥവാ നാം വീണ്ടും ജനിക്കുന്ന സമയം മുതൽ നമ്മിൽ ഈ നിത്യാത്മാവ് വന്ന് വാസം തുടങ്ങും എന്നാണ്. ഈ നിത്യാത്മാവ്, എങ്ങനെ ക്രിസ്തുവിനെ മൂന്നാം നാൾ ഉയിർപ്പിച്ചുവൊ, അതുപോലെ നാമും, മരിച്ചുകഴിയുമ്പോൾ നമ്മുടെ മർത്യശരീരങ്ങളെയും ഉയിർപ്പിക്കുമെന്നാണ്.

ഇതാണ് ഉയിർപ്പിന്റെ തത്വം. ക്രിസ്തുവിന്റെ ഉയിർപ്പിന്റെ തത്വം അല്ല. നമ്മുടെ ഉയിർപ്പിന്റെ തത്വമാണ്. ക്രിസ്തുവിന്റെ ഉയിർപ്പിന്റെ തത്വമല്ല എന്നു പറയാൻ കാരണം, ഒരർത്ഥത്തിൽ ക്രിസ്തുവും നിത്യാത്മാവും ഒന്നാണ്. അഥവാ ത്രിത്വത്തിൽ പിതാവും, പുത്രനും, പരിശുദ്ധാത്മാവും തുല്യരാണ്. എന്നാൽ നാം മനുഷ്യർ അങ്ങനെയല്ലല്ലോ. നാം മരിച്ചുപോകുന്നവരും സൃഷ്ടവസ്തുക്കളിൽ പെട്ടവരുമാണല്ലോ. പക്ഷേ മാനസാന്തരാനന്തരം യോഹന്നാന്റെ സുവിശേഷത്തിൽ മൂന്നാം അദ്ധ്യായത്തിൽ 3-ഉം 5-ഉം വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ നമുക്ക് വീണ്ടുംജനനം സംഭവിക്കുന്നതോടെ നാം ക്രിസ്തുവിന്റെ മുഴുവൻ പദവിത്വത്തിലേക്കും ഉയരുന്നില്ലെങ്കിലും നാം പുതിയ സൃഷ്ടി തന്നെയാവുകയാണ്. പഴയതൊക്കെ കടന്നുപോവുകയും ഇനി നാമല്ല, നമ്മിൽ ക്രിസ്തുവാണ് ജീവിക്കുന്നതെന്ന പദവിത്വത്തിലേക്ക് നാം ഉയരുകയുമാണ്. അതാണ് ഉയിർപ്പിന്റെ തത്വം ●

# വാർത്തകൾ

## "മരിക്കേണ്ടി വന്നാലും ക്രിസ്തുവിനെ പ്രഘോഷിക്കും".
## ഉത്തരകൊറിയയെ സുവിശേഷവൽക്കരിക്കാൻ ചൈനീസ് മിഷണറിമാർ തയ്യാറെടുക്കുന്നു.

ബോയ്ജിംഗ്: ക്രിസ്തുവിനെപ്രതി സ്വന്തം ജീവൻ ത്യജിക്കേണ്ടി വന്നാലും ഉത്തരകൊറിയയെ സുവിശേഷവൽക്കരണം നടത്തും എന്ന തീരുമാനവുമായി ചൈനീസ് മിഷണറിമാർ. ചൈനയിൽ സുവിശേഷ പ്രഘോഷണം നടത്തിയതിന്റെ പേരിൽ നിരവധി പീഡനങ്ങൾ ഏറ്റുവാങ്ങിയ അനുഭവസമ്പത്തുള്ള സുവിശേഷപ്രവർത്തകർ ചേർന്നാണ് ഉത്തരകൊറിയിയിലേക്ക് സുവിഷേവുമായി പോകുവാൻ മിഷണറിമാർക്ക് തീവ്രപരിശീലനം നൽകുന്നത്. മേഖലകളിലെ വിവിധ വെല്ലുവിളികളെക്കുറിച്ചും, തങ്ങളുടെ പദ്ധതിയുടെ വിവരങ്ങളെക്കുറിച്ചും പേരു വെളിപ്പെടുത്താത്ത സുവിശേഷപ്രവർത്തകർ 'ചൈന എയ്ഡ്' എന്ന സംഘടനയോട് പങ്കുവെച്ചു.

ഉത്തരകൊറിയക്കാരായ നിരവധിപേർ ചൈനയിൽ താമസിക്കുന്നുണ്ട്. അതിർത്തിയൂടെ ഒഴുകുന്ന ട്യൂമെൻ നദിയിലൂടെ അപകടകരമായ യാത്ര നടത്തിയാണ് ഇവർ ചൈനയിലേക്ക് അനധികൃതമായി കടക്കുന്നത്. തങ്ങളുടെ രാജ്യത്ത് നേരിടുന്ന വിവിധ പ്രശ്നങ്ങളെ തുടർന്നാണ് ഇത്തരത്തിൽ ഉത്തരകൊറിയക്കാർ ചൈനയിലേക്ക് കടക്കുന്നത്. ഈ മേഘലയിൽ മനുഷ്യക്കടത്ത് ഏറെ സജീവമാണ്.

ക്രൈസ്തവപീഡനങ്ങളുടെ ഈറ്റില്ലമായ രാജ്യത്ത് സുവിശേഷം പ്രചരിപ്പിക്കുന്നതിനുള്ള പരിശീലനമാണ് തങ്ങൾ പുതിയതായി ആരംഭിച്ച മിഷണറിമാരുടെ പരിശീലക്കളരിയിലൂടെ ലഭ്യമാക്കുന്നതെന്നും വചനപ്രഘോഷകർ വെളിപ്പെടുത്തി. ഉത്തരകൊറിയക്കാരുടെ മാനസികാവസ്ഥകളെ മാറ്റുക എന്നത് ഏറെ ബുദ്ധിമുട്ടുള്ള കാര്യമാണെന്നും വചനപ്രഘോഷകർ പറയുന്നു. അവിവാഹിതരായ യുവാക്കളെയാണ് തങ്ങളുടെ ഈ പദ്ധതിക്കായി തെരെഞ്ഞെടുത്തിരിക്കുന്നതെന്നും, ക്രിസ്തുവിനുവേണ്ടി ജീവൻ ത്യജിക്കേണ്ടിവന്നാലും അതിനു തയ്യാറുള്ളവരാണ് പരിശീലനം നേടുന്നതെന്നും സുവിശേഷപ്രവർത്തകർ അറിയിച്ചു.

ഉത്തരകൊറിയയിൽ നേരിടുവാൻ സാധ്യതയുള്ള എല്ലാ പ്രശ്നങ്ങളെയും മികച്ച രീതിയിൽ എങ്ങനെ കൈകാര്യം ചെയ്യാം എന്നതിനെ സംബന്ധിക്കുന്ന പരിശീലനവും മിഷണറിമാർക്ക് നൽകുന്നുണ്ടെന്നും ഇവർ വെളിപ്പെടുത്തിയിട്ടുണ്ട്. 'ഓപ്പൺ ഡോർ' എന്ന സംഘടനയുടെ കണക്കുകൾ പ്രകാരം ലോകതത് ഏറ്റവും കൂടുതൽ ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്ന രാജ്യമാണ് ഉത്തരകൊറിയ. സ്വേഛാധിപതിയായ കിം ജോംഗ് ഉന്നിന്റെ നേതൃത്വത്തിലുള്ള ഭരണത്തിൽ ക്രൈസ്തവരുടെ ജീവിതം തീവ്രമായ ദുരിതത്തിലാണെന്നും സംഘടന റിപ്പോർട്ടിൽ പറയുന്നുണ്ട്.



കടപ്പാട്: പ്രവാചകശബ്ദം


## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLY MAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner, State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner, State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner, State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

# ആത്മാഭിഷേകം ടീമിന്റെ ശുശ്രൂഷകൾ

| | |
|---|---|
| ആഗസ്റ്റ് 15 | പിറവം, കൺവെൻഷൻ, മാം ഓഡിറ്റോറിയം, 10 am-3 pm Ph:9446688679 |
| ആഗസ്റ്റ് 20 | കൺവെൻഷൻ.കോഴിക്കോട് YMCAഓഡിറ്റോറിയം.YMCA ക്രോസ് റോഡ്. Ph:9400784917,9645707908. 10 am-3 pm |
| ആഗസ്റ്റ് 21-25 | വിശ്വാസപരിശീലനപ്രാർത്ഥനാനുഭവധ്യാനം. പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമം. Ph:04985 213999, 9947267701,9446988562 |
| ആഗസ്റ്റ് 27 | കൺവെൻഷൻ ഏറ്റുമാനൂർ വ്യാപാരഭവൻ. Ph:9947260420 10 am-3 pm |
| ആഗ.28-സെപ്തം.1 | ബൈബിൾ സ്കൂൾ. എറണാകുളം, പാലാരിവട്ടം ചർച്ച് ഹാൾ, Ph:9388487301 |
| സെപ്തംബർ 2 | തൃശൂർ കൺവെൻഷൻ, ചേംബർ ഓഫ് കൊമേഴ്സ്ഹാൾ,പാലസ് റോഡ് Ph:9961854203 10 am-3 pm |
| സെപ്തംബർ 3 | എറണാകുളം കൺവെൻഷൻ. പാലാരിവട്ടം ചർച്ച് ഹാൾ. Ph:9388487301,10 am-3 pm |
| സെപ്തംബർ 9 | തിരുവല്ല. ആത്മാഭിഷേകം ന്യൂ ചർച്ച്ഹാൾ മഞ്ഞാടി. Ph:9446745148 10 am-3 pm |
| സെപ്തംബർ 10 | പാറശ്ശാല. കൺവെൻഷൻ. ആത്മാഭിഷേകം വർഷിപ്പ് സെന്റർ, ഷീലാകോട്ടേജ്, പുത്തൻകട റെയിൽവേ പാലത്തിന് സമീപം. Ph:9744569559 10 am-1 pm<br>തിരുവനന്തപുരം. കൺവെൻഷൻ. പരുത്തിപ്പാറ ഗ്രേസ് മിനിഹാൾ, 2:30 pm-5:30 pm, Ph:9446718242 |
| സെപ്തംബർ 11,12 | കൺവെൻഷൻ.കോട്ടയം I.M.A ഹാൾ Ph:9744655214 10 am-3 pm |
| സെപ്തംബർ 16 | പറവൂർ.കൺവെൻഷൻ, വ്യാപാരഭവൻ ഓഡിറ്റോറിയം, 10 am-3 pm Ph:9446688679 |
| സെപ്തംബർ 17 | കൺവെൻഷൻ.കോഴിക്കോട്. Ph:9400784917,9645707908. 10 am-3 pm |
| സെപ്തംബർ 18-22 | ധ്യാനം. പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമം. Ph:04985 213999, 9947267701,9446988562 |
| സെപ്തംബർ 24 | കൺവെൻഷൻ ഏറ്റുമാനൂർ വ്യാപാരഭവൻ. Ph:9947260420 10 am-3 pm |

## പൊതുകൺവെൻഷനുകൾ

**ഒന്നാം ഞായർ പാലാരിവട്ടം, രണ്ടാം ഞായർ തിരുവനന്തപുരം, മൂന്നാം ഞായർ കോഴിക്കോട്, നാലാം ഞായർ ഏറ്റുമാനൂർ. ഒന്നാം ശനി തൃശ്ശൂർ, രണ്ടാം ശനി തിരുവല്ല, മൂന്നാം ശനി എറണാകുളം സോണൽ, നാലാം ശനി കണ്ണൂർ സോണൽ**

എല്ലാ മാസവും ആദ്യത്തെ ആഴ്ച പുസ്തകരചനയും പ്രാർത്ഥനയും.
എല്ലാ മാസവും മൂന്നാം ഞായർ കഴിഞ്ഞുള്ള തിങ്കൾ മുതൽ വെള്ളി വരെ പുളിങ്ങോം ധ്യാനം.
എല്ലാ മാസവും നാലാമത്തെ ആഴ്ചയിൽ തിങ്കൾ മുതൽ വിവിധയിടങ്ങളിൽ സോണൽ ബൈബിൾ സ്കൂളുകൾ.

ATHMABHISHEKAM MONTHLY
2017 AUGUST
RNI NO. KER - MAL/2003/12060 - KL/KNR/41/2016-18

Rs.20.00

Licence to post without pre payment
NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th AUGUST 2017




Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod(Dt).